ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2022 നവംബർ 10 | ദീപം 55 | നാളം 35 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# ഹരിതകേരളത്തെ ചോരക്കളമാക്കുന്നവർ



സിൽജി ജെ. ടോം

മലയാളിമനസ്സുകൾ പൊതുവെ അസ്വസ്ഥമാണെന്നു വിളിച്ചോതുന്നു, ഇന്നു നാട്ടിൽ നടക്കുന്ന ഓരോ സംഭവവും. സ്നേഹം അവരിൽനിന്നു നഷ്ടമായിരിക്കുന്നു; പകരം സ്വാർത്ഥതയും കുടിലതയും ആ മനസ്സുകളിലേക്ക് ഇഴചേർന്നിരിക്കുന്നു. പ്രണയത്തിലായാലും ജീവിതബന്ധങ്ങളിലായാലും കുറച്ചുകൂടി ആർദ്രത പുലർത്താൻ, പരസ്പരം കലർപ്പില്ലാതെ, വഞ്ചനയില്ലാതെ സ്നേഹിക്കാൻ, പ്രണയ നിരാസങ്ങളിൽ മനസ്സുതകരാതെ മുന്നേറാൻ യുവതലമുറയടക്കം മലയാളിസമൂഹം പഠിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇനിയുമേറെ മനസ്സുകൾ താളം തെറ്റും, ക്രൂരതയിലേക്കും പൈശാചികതയിലേക്കും അവർ കടന്നുചെല്ലും.

നാട്ടിലെന്തൊക്കെയാണു നടക്കുന്നത്? ആഭിചാരക്കൊലപാതകങ്ങൾ, പ്രണയക്കൊലപാതകങ്ങൾ, രാഷ്ട്രീയക്കൊലപാതകങ്ങൾ... അങ്ങനെ എവിടെ നോക്കിയാലും ക്രൂരതയുടെ കഥകൾ.

തിരുവനന്തപുരം കളിയിക്കവിളയിൽ ഷാരോൺ രാജ് എന്ന വിദ്യാർത്ഥിയെ വിഷം നല്കി കൊലപ്പെടുത്തിയത് അവൻ പ്രാണനുതുല്യം സ്നേഹിച്ച പ്രിയകാമുകി ഗ്രീഷ്മതന്നെയായിരുന്നു. ഷാരോണിനെ വീട്ടിലേക്കു വിളിച്ചുവരുത്തി വിഷം ചേർത്ത കഷായം നൽകിയ ഗ്രീഷ്മ പിന്നീട് അതിന്റെ അരുചി മാറ്റാൻ ജ്യൂസും നൽകി. പ്രണയം അഭിനയിച്ച അവൾ ഷാരോൺ എന്ന ആ നിഷ്കളങ്കഹൃദയത്തെ ചതിച്ചുകൊല്ലുകയായിരുന്നു. അവൾ പകർന്നുനൽകിയ വിഷം അകത്തുചെന്ന് ആശുപത്രിയിൽ കിടക്കുമ്പോഴും അവൻ ഗ്രീഷ്മയെ സംശയിച്ചില്ല, അവളെ കുറ്റപ്പെടുത്തിയതുമില്ല. ആത്മാർത്ഥമായിരുന്നു ഷാരോണിന്റെ പ്രണയം. അതവൾ തിരിച്ചറിഞ്ഞതില്ല.

പാനൂരിൽ പ്രണയഭംഗത്തിൽ കലിപൂണ്ട കാമുകൻ സ്വയം നിർമിച്ച ആയുധങ്ങളുമായിച്ചെന്നാണ് പെൺസുഹൃത്തായ വിഷ്ണുപ്രിയയെ വീട്ടിൽക്കയറി വെട്ടിക്കൊന്നത്. കോതമംഗലത്ത് ദന്തൽ കോളജിൽ ഹൗസ് സർജനായ മാനസയെ ആൺസുഹൃത്ത് പ്രണയഭംഗപ്പകകാരണം വെടിവച്ചുകൊന്നതും അടുത്തകാലത്താണ്. ഇങ്ങനെ എത്രയോ സംഭവങ്ങൾ! പ്രണയപരാജയവും പ്രണയവഞ്ചനയും കാരണമായി രാജ്യത്താകെ കൊലപാതകങ്ങൾ കൂടിക്കൊണ്ടിരിക്കുന്നു. എത്രയോ പെൺകുട്ടികളെ പീഡിപ്പിച്ച് നിഷ്കരുണം കൊലപ്പെടുത്തുന്നു!



പ്രണയം കൊലപാതകങ്ങൾക്കു കാരണമാവുകയാണ് ഇവിടെയെല്ലാം. സ്വാർത്ഥത നിറയുന്ന സ്നേഹബന്ധങ്ങൾ സമൂഹത്തെയാകെ ഗ്രസിച്ചിരിക്കുന്നു. കടുത്ത മനോരോഗത്തിന്റെ ലക്ഷണമാണിത്. പ്രണയപരാജയവും പ്രണയവഞ്ചനയും കൊലപാതകങ്ങൾക്കു കാരണമാകുന്നത് അവർ എത്തിച്ചേർന്നിരിക്കുന്ന മാനസിക ദൗർബല്യംകൊണ്ടുകൂടിയാണ്.

ഓരോ വ്യക്തിക്കും വേറിട്ട സ്വത്വമുണ്ടെന്ന സത്യം ഏവരും തിരിച്ചറിയേണ്ടതുണ്ട്, അതു പ്രണയത്തിലായാലും ദാമ്പത്യജീവിതത്തിലായാലും. പ്രണയം മനോഹരമായൊരു വികാരമാണ്, അതിൽ പരസ്പരം വിട്ടുകൊടുക്കുന്ന ഒരു മനസ്സുണ്ട്, വിശ്വാസമുണ്ട്, കരുതലും സ്നേഹവും നിറയുന്ന നിമിഷങ്ങളുണ്ട്. പ്രണയം ഒരു തിരിച്ചറിവുകൂടിയാണ്. പരസ്പരം മനസ്സിലാക്കുന്ന, അപരന്റെ സ്വത്വത്തെ അംഗീകരിക്കുന്ന ഒരു ശരിദൂരം അതിലുണ്ട്. പരാതികളും പരിഭവങ്ങളും കാല്പനികതയും ഇഴ ചേരുന്ന, എന്റേത് എന്ന തോന്നലുള്ള, അതിനെല്ലാമപ്പുറം വിട്ടുകൊടുക്കുന്ന മനസ്സുള്ള പവിത്രമായൊരു വികാരമാണത്.

▶14

# സമൂഹമനഃസാക്ഷിയുടെ ഇടയശബ്ദം

ടോണി ചിറ്റിലപ്പള്ളി



സഭാവിശ്വാസികൾ മാത്രമല്ല കേരളത്തിലെ പൊതുസമൂഹം തന്നെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ വാക്കുകൾ ശ്രദ്ധിക്കാറുണ്ട്. കേരളത്തിൽ സമീപകാലത്ത് ലഹരിമരുന്നുമാഫിയ്ക്കെതിരേ ആഞ്ഞടിച്ച പ്രവാചകശബ്ദമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. രേഖകളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞ സത്യങ്ങൾ ശരിയാണെന്നു സമീപകാലത്തെ നിരവധി സംഭവങ്ങൾ തെളിയിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ മക്കളെ ശ്രദ്ധയോടെ വളർത്തണമെന്നും യുവതലമുറ മയക്കുമരുന്നിനടിമയായി ജീവിതം നശിപ്പിക്കരുതെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു.

**ലഹരിക്കെതിരേയുള്ള നിരന്തരപോരാട്ടം**

മയക്കുമരുന്നുസംഘങ്ങൾ പല രാജ്യത്തെയും ഭരണത്തെ നിയന്ത്രിക്കുന്നു. കുട്ടികളെയും സ്ത്രീകളെയും അതിന്റെ വിപണനത്തിനായി വിനിയോഗിക്കുന്നു. നമ്മുടെ രാജ്യത്തും കാര്യങ്ങൾ ഭീതിജനകമാണ്. വിഷം കലർന്ന ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതുപോലെതന്നെയുള്ള കൊടിയ തിന്മയാണ് മയക്കുമരുന്നുകച്ചവടം. മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ചിന്തകൾ അങ്ങനെ നീളുകയാണ്. സീറോ മലബാർ സഭയിൽ ലഹരിക്കെതിരേയുള്ള കാമ്പയിൻ അദ്ദേഹം ചെയർമാനായുള്ള അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ പാലായിൽ ആരംഭിച്ചുകഴിഞ്ഞു.

ആഗോളഭീഷണിയുയർത്തുന്ന, മനുഷ്യന്റെ സ്വൈരജീവിതത്തിനു ലോകത്തെമ്പാടും വെല്ലുവിളി ഉയർത്തുന്ന, അത്യന്തം മനുഷ്യത്വവിരുദ്ധമായ ലഹരിയുടെ ആസൂത്രിതവലകളെക്കുറിച്ച് ഏറെ പഠനം നടത്തിയാണ് പൗരസ്ത്യകത്തോലിക്കാസഭാവൃത്തങ്ങളിൽ ഏറെ ബഹുമാനിക്കപ്പെടുന്ന ബിഷപ് കല്ലറങ്ങാട്ട് തന്റെ കുറിപ്പുകൾ തയ്യാറാക്കിയത്.

ലഹരിവിരുദ്ധപ്രവർത്തനത്തിന്റെ അംബാസിഡറായി കുട്ടികളെ വളർത്തിയെടുക്കണം. താടി കത്തുമ്പോൾ ബീഡി കത്തിക്കാൻ ആഗ്രഹിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന മക്കൾ സ്ഫോടകവസ്തുക്കൾപോലെയാണ്. ഉണക്കപ്പുല്ലിൽ തീയിട്ടശേഷം അയ്യോ തീപിടിച്ചേ... എന്നു വിലപിച്ചിട്ടു കാര്യമില്ല. വാളെടുത്തല്ല, വാക്കാൽ മാതാപിതാക്കൾ കുട്ടികളെ നേർവഴിക്കു നയിക്കുന്നവരാകണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് കൂട്ടിച്ചേർക്കുന്നു.

**കുഞ്ഞുങ്ങളെ സംരക്ഷിക്കുക**

മയക്കുമരുന്നിനെതിരേ ജനങ്ങൾ മതഭേദമെന്യേ രംഗത്തു വരണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. കലാലയങ്ങളിൽ വിശിഷ്യാ, കൗമാരക്കാരിൽ പെരുകിവരുന്ന മയക്കുമരുന്നുപയോഗം ആശങ്കാജനകവും അപകടകരവുമാണെന്നു ബിഷപ് നിരീക്ഷിക്കുന്നു.

▶14

# അച്ചന്മാർക്ക് സിനിമയിലെന്താണു കാര്യം?




**പോ**ലീസുകാർക്കെന്താ ഈ വീട്ടിൽ കാര്യം എന്നു ചോദിച്ചു ചിരിപ്പിച്ചത് നടൻ ഇന്നസെന്റാണ്. ആ ചോദ്യം ഇപ്പോൾ മറ്റൊരു രീതിയിൽ ചോദിച്ചാൽ എങ്ങനെയിരിക്കും എന്നാണ് ശീർഷകം സൂചിപ്പിക്കുന്നത്.

അച്ചന്മാർക്കു വ്യാപരിക്കാൻ പറ്റിയതെന്ന മട്ടിൽ ചില മേഖലകൾ നാം തീറെഴുതിക്കൊടുത്തിട്ടുണ്ട്. അതിനപ്പുറത്തേക്കു വൈദികർക്കു കടന്നുചെല്ലാൻ കഴിയില്ലെന്നാണ് പൊതുധാരണയും. അത്തരമൊരു നിഷിദ്ധമേഖലയായിട്ടാണ് സിനിമാലോകത്തെയും കണ്ടുപോന്നിരുന്നത്. എന്നാൽ, ഈ അലിഖിതമായ നിയമങ്ങളുടെ സീമകളെ സൗമ്യമായി ഭേദിച്ച ചിലരെക്കുറിച്ച് ഈ ലക്കം പറയാമെന്നാണ് വിചാരിക്കുന്നത്.

അച്ചന്മാർക്കു സിനിമയിൽ കഥയും കാര്യവും പറയാമെന്നു പൊതുസമൂഹത്തിനു കൂടുതൽ വ്യക്തത കൈവന്നത് വരയൻ സിനിമയ്ക്കുവേണ്ടിയുള്ള ഫാ. ഡാനി കപ്പൂച്ചിന്റെ രംഗപ്രവേശത്തോടെയാണ്. സിജു വിൽസൺ നായകനായി അഭിനയിച്ച സിനിമയ്ക്ക് കഥയും തിരക്കഥയും സംഭാഷണവും ഒരുക്കിയത് ഡാനി കപ്പൂച്ചിനായിരുന്നു. സിനിമയെ ഒരു സുവിശേഷവത്കരണമാധ്യമമായിമാത്രമാണ് താൻ കാണുന്നതെന്നു വ്യക്തമാക്കുന്നതാണ് അച്ചൻ ഒരു അഭിമുഖത്തിൽ പറഞ്ഞ ഈ വാക്കുകൾ:

‘നമ്മുടെ ഒരു രീതി ഇടയനെ തേടിച്ചെല്ലുന്ന ആടുകളുടേതാണ്. ഒരു ധ്യാനകേന്ദ്രം ഒരു ധ്യാനഗുരു ഈ രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത്. നമ്മൾ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത് കൃത്യമായ രീതിയിലുള്ള സുവിശേഷവത്കരണം മാത്രമാണ്. ഇതൊന്നും ഇല്ലാത്ത ഒരു ജനതയുണ്ട്. അതിനപ്പുറത്തേക്കുള്ള സാധ്യതകളെ നാം അന്വേഷിക്കുന്നില്ല. ധ്യാനകേന്ദ്രങ്ങൾപോലെയുള്ള സ്ഥലങ്ങൾ തേടിച്ചെല്ലുന്നത് ഒരു പ്രത്യേക വിഭാഗം ആളുകൾ മാത്രമാണ്. ധ്യാനകേന്ദ്രങ്ങളുടെ സൗകര്യം അനുഭവിക്കാത്ത ധാരാളം പേരുണ്ട്. എല്ലാവരും ചെന്നുകയറുന്ന ഒരു ഇടം. അതാണു വേണ്ടത്. സിനിമ അത്തരമൊരു മാധ്യമമാണ്. എല്ലാവർക്കും അവിടെ സ്പെയ്സുണ്ട്. ധ്യാനപ്രസംഗങ്ങളിൽപോലും തമാശകൾ കലർത്തിയാണു കാര്യം പറയുന്നത്. അതുപോലെ കഥയിൽ ചാലിച്ചാണ് പല കാര്യങ്ങളും പറയുന്നതും. സിനിമ അതിന്റെ വികസിതരൂപമാണ്. സിനിമയെന്ന സംസ്കാരം ആഴമുള്ളതാണ്. അവിടെ സാധിക്കുന്നിടത്തോളം സ്പിരിചാലിറ്റി നല്കാനാണു ശ്രമിക്കുന്നത്.

ഏറ്റവും നല്ല കഥപറച്ചിലുകാരൻ ക്രിസ്തുവായിരുന്നു. കാണാതെപോയ ആടുകളുടെയും സമരിയാക്കാരന്റെയും ഒക്കെ കഥകൾ ഓർമിക്കുക. കഥയിലൂടെ കാര്യം അവതരിപ്പിക്കുകയായിരുന്നു ക്രിസ്തു ചെയ്തത്. അങ്ങനെ നോക്കുമ്പോൾ സിനിമയും ക്രിസ്തുവും പറയുന്നത് ഒന്നു തന്നെയാണ്. സുവിശേഷവത്കരണത്തിനു പൊതുമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുക എന്നതാണു ലക്ഷ്യം.”

റോയ് കാരയ്ക്കാട്ടാണ് സിനിമയിൽ അങ്കംകുറിച്ച മറ്റൊരു കപ്പുച്ചിൻ വൈദികൻ. വരയൻ പോലെ തീയറ്ററിലല്ല ഇദ്ദേഹത്തിന്റെ ആദ്യസിനിമയായ ‘കാറ്റിനരികെ’യെത്തിയത് എന്നതുകൊണ്ട് ഒരുപക്ഷേ, ഏറെപ്പേർ ഇക്കാര്യം അറിഞ്ഞുകാണില്ല. കഴിഞ്ഞ വർഷം ഒടിടി റീലിസായി പുറത്തുവന്ന ചിത്രത്തിനു ഫിലിം ക്രിട്ടിക്സ് അവാർഡും കിട്ടി. സംസ്ഥാന അവാർഡ് കഴിഞ്ഞാൽ ശ്രദ്ധേയമായ അവാർഡായ ഫിലിം ക്രിട്ടിക്സിന്റെ നവാഗതസംവിധായകനുള്ള അവാർഡ് റോയി കാരയ്ക്കാട്ടിനെപ്പോലെയുള്ള ഒരു വൈദികനു ലഭിച്ചുവെന്നത് നിസ്സാരകാര്യമല്ല. വരയൻ പോപ്പുലർ സിനിമയുടെ സംസ്കാരത്തിൽ നിന്നാണു പിറവിയെടുത്തതെങ്കിൽ ‘കാറ്റിനരികെ’യ്ക്ക് അത്തരമൊരു മുഖമുണ്ടായിരുന്നില്ല. രണ്ടും രണ്ടുരീതിയിൽ ക്രിസ്തീയമൂല്യങ്ങൾതന്നെയാണു പകർന്നുനല്കിയത്. കച്ചവടസിനിമയുടെ മാർക്കറ്റിങ് സ്ട്രാറ്റജി വരയനു കൂടുതൽ ഗുണം ചെയ്തപ്പോൾ കാറ്റിനരികെയ്ക്ക് അത് അത്രത്തോളം സാധിച്ചില്ലെന്നു മാത്രം.

സിഎംഐ സഭാംഗമായ ഫാ. ബാബു തട്ടിൽ രചന നിർവഹിച്ച ഒരു സിനിമയാണ് ഇപ്പോൾ വാർത്തകളിൽ ഇടം പിടിക്കുന്നത്. സിഗ്നേച്ചർ എന്നു പേരിട്ടിരിക്കുന്ന ഈ സിനിമ നവംബർ 11 നാണ് തീയറ്ററുകളിലെത്തുന്നത്. ടിനി ടോം നായകനായ സിനിമ അട്ടപ്പാടി കേന്ദ്രീകരിച്ചാണ് അണിയിച്ചൊരുക്കിയിരിക്കുന്നത്. അട്ടപ്പാടിയിലെ ഗോത്രവർഗവിഭാഗമായ മുഡുകരുടെ കഥയാണ് ചിത്രം പറയുന്നത്. എങ്കിലും ചിത്രം ക്രൈം ത്രില്ലറായിട്ടാണ് അണിയിച്ചൊരുക്കിയിരിക്കുന്നത്. 30 ൽ അധികം ഗോത്രവിഭാഗക്കാർക്കൊപ്പം ദേശീയപുരസ്കാരം നേടിയ ഗായിക നഞ്ചിയമ്മയും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. നന്മയുടെ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയെന്നതാണു തന്റെ ലക്ഷ്യമെന്നാണ് ഫാ. ബാബു പറയുന്നത്.


ഫാ. ഡാനി കപ്പൂച്ചിൽ


ഫാ. റോയ് കാരയ്ക്കാട്ട്


ഫാ. ബാബു തട്ടിൽ


ഫാ. ജോസഫ് പുളിന്താനം

ഇതെല്ലാം വർത്തമാനകാല സംഭവങ്ങളാണെങ്കിൽ ഇതിനു മുമ്പ് ഒരു മലയാളിവൈദികൻ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച സിനിമയുമായി കടന്നുവന്ന് പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. സലേഷ്യൻസഭാംഗമായ ഫാ. ജോസഫ് പുളിന്താനമാണ് അത്. 2008 ൽ ഇന്റർനാഷനൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയുടെ രണ്ടാം ദിവസം പ്രദർശിപ്പിച്ച സിനിമയായിരുന്നു അത്.

ത്രിപുരയിലെ ഗോത്രവർഗക്കാരുടെ ഭാഷയായ കോക്ബോറോക്കിൽ നിർമിച്ച 95 മിനിറ്റ് ദൈർഘ്യമുള്ള യാർങ് എന്ന സിനിമ പറഞ്ഞത് കുടിയൊഴിപ്പിക്കപ്പെട്ട ഗോത്രവർഗക്കാരുടെ ജീവിതത്തെക്കുറിച്ചായിരുന്നു. ത്രിപുരയിലെ ഗോമതിനദിക്കു കുറുകെ പണിത ജലവൈദ്യുത പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു ഇവിടെയുള്ളവർ കുടിയൊഴിപ്പിക്കപ്പെട്ടത്. ഇവരുടെ നിസ്സഹായതകളിലേക്കും വേദനകളിലേക്കുമാണ് ഫാ. ജോസഫ് ക്യാമറ തിരിച്ചുവച്ചത്. 2008 ൽ മുംബൈയിൽ നടന്ന ഏഴാമത് ഫിലിം ഫെസ്റ്റിവലിലും ഈ ചിത്രം പ്രത്യേക ജൂറി പരാമർശം നേടിയിരുന്നു.

സംവിധാനമോ രചനയോ അല്ലാതെ നിർമാതാവിന്റെ റോളിൽ സിനിമയിൽ അരങ്ങേറ്റം കുറിച്ച ഒരു വൈദികനാണ് ഫാ. മൈക്കിൾ പനച്ചിക്കൽ. നിരവധി ഭക്തിഗാനങ്ങളിലൂടെ ശ്രദ്ധേയനായ പനച്ചിക്കലച്ചനാണ് 2010 ജനുവരിയിൽ പ്രദർശനത്തിനെത്തിയ ‘കന്മഴ പെയ്യുംമുമ്പേ എന്ന ചിത്രം നിർമ്മിച്ചത്.

ഫാ. ബോബി ജോസ് കട്ടിക്കാട് (സൺഡേ ഹോളിഡേ), ഫാ. ജോസഫ് പുത്തൻപുരയിൽ (കാറ്റിനരികെ), ഫാ. ഡേവിസ് ചിറമ്മേൽ(എല്ലാം ശരിയാകും) തുടങ്ങിയ വൈദികർ കഥാപാത്രങ്ങളായിത്തന്നെ സിനിമയിൽ വേഷമിട്ടതും ഓർമയിൽവരുന്നു. ഇതെല്ലാം കാണിക്കുന്നത് വൈദികരുടെ വ്യക്തിപരമായ താത്പര്യത്തിന്റെയോ അഭിരുചിയുടെ പേരിൽ മാത്രമല്ല ഈ സിനിമകളെല്ലാം പിറവിയെടുത്തിരിക്കുന്നത് എന്നാണ്. മറിച്ച് സഭയുടെ കലാദർശനത്തിന്റെയും മാധ്യമവീക്ഷണത്തിന്റെയും ഭാഗമാണ് ഇത്. ഇക്കാര്യം മനസ്സിലാകണമെങ്കിൽ രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ ഇതേക്കുറിച്ചു പറഞ്ഞിരിക്കുന്നതു മനസ്സിലാക്കണം.

സത്യം പ്രചരിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും മനുഷ്യസമൂഹത്തിന്റെ ക്രിസ്തീയമായ സംവിധാനം സുരക്ഷിതമാക്കുന്നതിനും വേണ്ടിയുള്ളതാണ് സിനിമാസംരംഭങ്ങളും റേഡിയോ, ടെലിവിഷൻ തുടങ്ങിയവയെന്നും അതിൽ പറയുന്നു. കൂടുതൽ പ്രസക്തമെന്നു തോന്നുന്നതും ലേഖനത്തിന്റെ ആശയം സാധൂകരിക്കുന്നതെന്നു തോന്നുന്നതുമായ ചിലഭാഗങ്ങൾ രണ്ടാംവത്തിക്കാൻ പ്രമാണരേഖയിൽ നിന്നു പകർത്തട്ടെ:

“പത്രപ്രവർത്തകരും സിനിമ, റേഡിയോ ടെലിവിഷൻ എന്നിവയുടെ പ്രക്ഷേപണത്തിനുള്ള എഴുത്തുകാരും മറ്റു തത്പരവ്യക്തികളും ക്രിസ്തീയചൈതന്യത്താൽ പൂരിതരാകണം; പ്രത്യേകിച്ച്, സഭയുടെ സാമൂഹികശാസ്ത്രം സംബന്ധിച്ചു സമഗ്രമായ രൂപവത്കരണം പ്രാപിക്കാൻ അവർക്കു കഴിയണം. വിജ്ഞാനത്താൽ പ്രണിതപ്രജ്ഞരായി എപ്പോഴും ധാർമികചിന്ത അതിന്റെ വെളിച്ചത്തിൽ ഉയർത്തിപ്പിടിക്കുന്നതിനുതകുന്ന നിഗമനങ്ങളെടുക്കുന്നതിനു പരിശീലിപ്പിക്കപ്പെടുകയും പ്രേരിപ്പിക്കപ്പെടുകയും ചെയ്യണം. മാന്യമായ മാനസികവിശ്രമത്തിനു വേണ്ടിയും മാനുഷികസംസ്കാരത്തിനും കലയ്ക്കും വേണ്ടിയും പ്രയോജനപ്രദമായ ചലച്ചിത്രനിർമാണവും പ്രദർശനവും പ്രത്യേകിച്ച് യുവജനങ്ങളെ ലക്ഷ്യം വച്ചുള്ളവയാണെങ്കിൽ ശക്തമായ എല്ലാ സഹായങ്ങളും വഴി പ്രോത്സാഹിപ്പിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യണം.”

ഇത്തരമൊരു സഭാവീക്ഷണത്തിന്റെയും പ്രബോധനത്തിന്റെയും അടിസ്ഥാനത്തിലാണ് കത്തോലിക്കരായ വൈദികർ സിനിമാരംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത്. തെറ്റായ പ്രബോധനങ്ങളും ജീവിതവീക്ഷണവുംകൊണ്ട് പൊതുസമൂഹത്തെ വഴിതെറ്റിക്കാൻ ജനപ്രിയ കലയായ സിനിമയുടെ ഒഴുക്കിനു കഴിയുമ്പോൾ അതിനെതിരേ തുഴയാനുള്ള തീരുമാനത്തിന്റെ ഭാഗമാണ് വൈദികരുടെ സിനിമാപ്രവേശങ്ങൾ. പുതിയകാലത്ത് അവർക്ക് സമൂഹത്തോടു സംവദിക്കാനുള്ള പുതിയ മാർഗമാണ് സിനിമ. അപ്പോഴും ചില പ്രതിസന്ധികളും പ്രലോഭനങ്ങളും അവരെ കാത്തുനില്ക്കുന്നുമുണ്ട്. അതിനെ എത്രത്തോളം നേരിടാൻ കഴിയുന്നുവെന്നതിലാണ് അവരുടെ പ്രസക്തി.

സഭയ്ക്കു വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു മേഖലയുമില്ലെന്നു നിരീക്ഷിച്ചാൽ മനസ്സിലാവും. അതുകൊണ്ടുതന്നെ വരുംകാലങ്ങളിൽ സഭ സിനിമപോലെയുള്ള കലാരൂപങ്ങളിലേക്കു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അതിന് വൈദികരെയും സന്ന്യസ്തരെയും മാത്രമല്ല അല്മായരെയുംകൂടി സഭ പരിഗണിക്കണം. ധാർമികചിന്തയുള്ള ഒരു കൂട്ടം ആളുകളെ വാർത്തെടുത്ത് സുവിശേഷമൂല്യങ്ങൾ സമൂഹത്തിനു പകർന്നുനല്കാൻ കഴിയത്തക്കവിധത്തിൽ അവരുടെ കഴിവുകളെ പ്രയോജനപ്പെടുത്താൻ സന്നദ്ധമാകണം. ■

# ഇരുമ്പുമറയ്ക്കുള്ളിലെ ഒറ്റയാൻ

## ഷി ജിൻപിംഗ് മൂന്നാംവട്ടവും



തോമസ് കുഴിഞ്ഞാലിൽ

ഒക്ടോബർ 16 മുതൽ 22 വരെയുള്ള ഏഴു ദിവസം നീണ്ടുനിന്ന ഇരുപതാം പാർട്ടി കോൺഗ്രസ് അവസാനിച്ചപ്പോൾ ഷി ജിൻപിംഗ് മൂന്നാംവട്ടവും പാർട്ടി ജനറൽ സെക്രട്ടറിയും ചൈനയുടെ പ്രസിഡന്റുമായി തിരഞ്ഞെടുക്കപ്പെട്ടു.

രാജ്യത്തിന്റെ സ്ഥാപകൻകൂടിയായ മാവോ സേതുങ്ങിനുശേഷം ആദ്യമായാണ് ഒരാൾ പത്തുവർഷത്തിനുശേഷവും പരമാധികാരിയായിത്തുടരുന്നത്. മാവോ കഴിഞ്ഞാൽ ചൈനയുടെ ചരിത്രത്തിലെ ഏറ്റവും കരുത്തുറ്റ നേതാവായി ഷി ജിൻപിംഗ് മാറിക്കഴിഞ്ഞു. ഏക പാർട്ടി റിപ്പബ്ലിക്കായ ചൈനയുടെ ഭരണം ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്ന ചരിത്രസംഭവത്തിനാണു ലോകം സാക്ഷിയാകുന്നത്. ചൈനയിലെ വന്മതിൽപോലെ തകരാത്ത ഒരു പ്രതിഭാസമായി ഷി വളർന്നിരിക്കുന്നു.

'ഒരു പുതുയുഗത്തിലേക്കുള്ള ചൈനീസ് സോഷ്യലിസം' എന്ന ഷി ജിൻപിംഗിന്റെ തിയറിക്ക് 2017 ൽ ചേർന്ന 19-ാം പാർട്ടി കോൺഗ്രസിൽ രൂപംകൊടുക്കുകയും ഭരണഘടനാഭേദഗതികൾ വരുത്തുകയും ചെയ്യുകയുണ്ടായി. ഈ ഭേദഗതികളിലൂടെയാണ് രാജ്യത്തിന്റെ പരമാധികാരം ഒരു വ്യക്തിയിലേക്കു കേന്ദ്രീകരിക്കാൻ വഴിയൊരുങ്ങി.

'ഷി ജിൻപിംഗിന്റെ പത്തുവർഷഭരണകാലം ഒരു പുതുയുഗം' ആയിരുന്നുവെന്നു സമർത്ഥിക്കുന്ന റിപ്പോർട്ടാണ് കഴിഞ്ഞ മാസം 22നു സമാപിച്ച ഇരുപതാം പാർട്ടി കോൺഗ്രസിൽ അവതരിപ്പിച്ചത്. രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം പാർട്ടിയിലെ 'സ്വയം നവീകരണ'മാണെന്നും റിപ്പോർട്ടിൽ ഊന്നിപ്പറയുന്നുണ്ട്.

ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തിനുപുറമേ സൈന്യത്തിന്റെ സമ്പൂർണനിയന്ത്രണം കൈയാളുന്ന സെൻട്രൽ മിലിട്ടറി കമ്മീഷന്റെ അധ്യക്ഷസ്ഥാനത്തേക്കും ഷിയെ തിരഞ്ഞെടുത്തു.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഷിയോടു മത്സരിക്കാൻ ഒരാൾപോലും ഇല്ലാതിരുന്നത് ചൈനയുടെ ചരിത്രത്തിലെ ആദ്യസംഭവമാണെന്നു രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തി. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ മന്ദഗതിയിലായതിന്റെ ഉത്തരവാദിത്വം തന്റെ മുൻഗാമികളിൽ ചാർത്തിയ ഷി ജിൻപിംഗ്, എതിരാളികളെയെല്ലാം നിഷ്പ്രഭരാക്കിയാണ് അധികാരക്കസേരയിൽ മൂന്നാംവട്ടവും ആസനസ്ഥനാകുന്നത്. പ്രതിയോഗികളാകുമെന്നു കരുതിയ പല പ്രമുഖനേതാക്കളെയും അഴിമതിക്കുറ്റം ചുമത്തി ജയിലിലടച്ചു. വിമർശകരെയെല്ലാം നിശ്ശബ്ദരാക്കി. പ്രധാനമന്ത്രിയായിരുന്ന ലി കെക്വിംഗിനെയും ഉപപ്രധാനമന്ത്രിയായിരുന്ന വിയാംഗ് യോംഗിനെയും പാർട്ടി കോൺഗ്രസിനുമുമ്പ് പിരിച്ചുവിട്ടു. ശത്രുരാജ്യങ്ങളെ, പ്രത്യേകിച്ചും യു എസിനെയും സഖ്യകക്ഷികളെയും നേരിടാൻ 'ശക്തമായ രാജ്യവും ശക്തമായ നേതൃത്വവവും' അനിവാര്യമാണെന്ന് അദ്ദേഹം പാർട്ടിയംഗങ്ങളെ ഓർമിപ്പിക്കുകയും ചെയ്തു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ഭദ്രമാണെന്നും രാജ്യത്തെ മുമ്പോട്ടു നയിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്നും സമാപനസമ്മേളനത്തിൽ ഷി വ്യക്തമാക്കി.

### പോളിറ്റ് ബ്യൂറോയും സ്ഥിരം സമിതിയംഗങ്ങളും

പാർട്ടികോൺഗ്രസിനുശേഷം വിളിച്ചുകൂട്ടിയ കേന്ദ്രകമ്മിറ്റി 24 പേരുള്ള പോളിറ്റ്ബ്യൂറോയ്ക്കും അതിൽനിന്ന് ഏഴംഗങ്ങളുള്ള സ്ഥിരം സമിതിക്കും രൂപം നൽകി. പാർട്ടിയുടെയും രാജ്യത്തിന്റെയും സമ്പൂർണനിയന്ത്രണം സ്ഥിരംസമിതിയിൽ നിക്ഷിപ്തമാണ്. ഷി ജിൻപിംഗിനെ ജനറൽ സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുത്തത് സ്ഥിരം സമിതിയാണ്. പാർട്ടിയിൽ ഏതൊക്കെ സമിതികളുണ്ടോ അവയിലെല്ലാം ഷിക്ക് സമ്പൂർണാധിപത്യമുണ്ട്. വിദേശകാര്യമന്ത്രിയും കേന്ദ്രകമ്മിറ്റിയിൽ ഡയറക്ടറുമായ വാംഗ് യി പോളിറ്റ്ബ്യൂറോയിലേക്കു സ്ഥാനക്കയറ്റം കിട്ടിയവരിൽ പ്രമുഖനാണ്. ഷിയെക്കൂടാതെയുള്ള സ്ഥിരം സമിതിയിലെ ആറംഗങ്ങൾ ഇവരാണ്;

ലി കിയാംഗ് : 63 - ഷാങ്ഹായിലെ പാർട്ടിത്തലവൻ, അഴിമതിവിരുദ്ധവിഭാഗം മേധാവി.

ഷാവോ ലെഗി : 62 - കേന്ദ്ര അച്ചടക്കസമിതിയുടെ മുൻതലവൻ.

വാംഗ് ഹൂനിംഗ് : 67 - ഷി ജിൻപിംഗിന്റെ പ്രചാരണവിഭാഗം മേധാവി.

കായ് ക്വി : 67 - ബെയ്ജിംഗിലെ പാർട്ടിത്തലവൻ, പൊതുസുരക്ഷാ ഡയറക്ടർ.

ഡിംഗ് സിയുഷിയാംഗ് : 61 - ഷി ജിൻപിംഗിന്റെ പ്രധാന ഉപദേശകൻ, കേന്ദ്രകമ്മിറ്റി ഓഫീസ് ഡയറക്ടർ.

ലി ഷി : 66 - ഗ്വാംഗ് ഡോംഗ് പ്രവിശ്യയിലെ പാർട്ടിത്തലവൻ.

ഇവരിൽ ഷാവോ ലെഗിയും വാംഗ് ഹൂനിംഗും ഒഴികെയുള്ള നാലുപേരും പുതുമുഖങ്ങളും ഷിയുടെ വിശ്വസ്തരുമാണ്. ഷി കഴിഞ്ഞാൽ ലി കിയാംഗാണ് സ്ഥിരം സമിതിയിലെ രണ്ടാമൻ. ലി കെക്വിംഗ് അടുത്ത മാർച്ചിൽ സ്ഥാനമൊഴിയുമ്പോൾ ലി കിയാംഗ് പ്രധാനമന്ത്രിയാകുമെന്നാണു കരുതപ്പെടുന്നത്. റിട്ടയർമെന്റുപ്രായം കഴിഞ്ഞിട്ടും വാംഗ് ഹൂനിംഗും, കായ് ക്വിയും, ലി ഷിയും സ്ഥിരം സമിതിയിൽ കയറിക്കൂടിയത് ഷിയുടെ വിശ്വസ്തരായ അനുയായികളെന്ന നിലയിലാണ്.

പീപ്പിൾസ് ലിബറേഷൻ ആർമിയിലെ മുതിർന്ന മൂന്നു കമാൻഡർമാർ 24 അംഗ പോളിറ്റ്ബ്യൂറോയിൽ ഇടംപിടിച്ചത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. സൈന്യത്തിന്റെ പശ്ചിമമേഖലാകമാൻഡറായിരുന്ന ജനറൽ വെയ്ഡോംഗ്, ജനറൽ യാംഗ് യൗഷിയ, ജനറൽ ഷു കിലിംഗ് എന്നിവർ ഇന്ത്യനതിർത്തിയിൽ സേനയെ നയിച്ചിട്ടുള്ളവരാണ്. 2017 ലെ ഡോക്‌ലാം സംഘർഷത്തിലും 2020 ഏപ്രിൽമുതലുള്ള ലഡാക്കിലെ ഏറ്റുമുട്ടലുകളിലും ജനറൽ വെയ്ഡോംഗായിരുന്നു ശത്രുസൈന്യത്തെ നയിച്ചത്. ലോകത്തെ ഏറ്റവും അധികം അംഗബലമുള്ള സൈനികവ്യൂഹത്തെ കൈപ്പിടിയിലൊതുക്കാനുള്ള ഷിയുടെ തന്ത്രമായി മൂവരുടെയും സ്ഥാനക്കയറ്റത്തെ കാണുന്നുവരുണ്ട്. ഏറ്റവുമൊടുവിലത്തെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം കര, നാവിക, വായുസേനകളിലായി 20 ലക്ഷം



പേർ പീപ്പിൾസ് ലിബറേഷൻ ആർമിയുടെ ഭാഗമാണ്. 1927 ൽ രൂപവത്കരിച്ച പി എൽ എയുടെ സ്ഥാപകനും മാവോ സേതുങ്ങാണ്.

### കനൽവഴികൾ താണ്ടി ഉയരങ്ങളിലേക്ക്

ലോകത്തെ രണ്ടാമത്തെ സാമ്പത്തികശക്തിയായി വളർന്ന ചൈനയുടെ ഭരണാധികാരിയായ ഷി ജിൻപിംഗ് കനൽവഴികൾ താണ്ടിയാണ് ഇന്നത്തെ നിലയിലെത്തിയത്. മാവോയുടെ കമ്യൂണിസ്റ്റുവിപ്ലവത്തിൽ പങ്കാളിത്തം വഹിച്ചിട്ടുള്ള ഷി ഷോംഗ്ചുനിന്റെയും കി ചിനിന്റെയും ആദ്യസന്താനമായി ബെയ്ജിംഗിൽ 1953 ജൂൺ 15നായിരുന്നു ഷിയുടെ ജനനം. പിതാവായ ഷി ഷോംഗ്ചുൻ കുറച്ചുകാലം ഉപപ്രധാനമന്ത്രിയായിരുന്നതിനാൽ ഒരു നേതാവിന്റെ മകനു കിട്ടുമായിരുന്ന ആദരവും അവകാശങ്ങളും നിർലോപം കിട്ടി. എന്നാൽ, പാർട്ടിവിരുദ്ധപ്രവർത്തനമാരോപിക്കപ്പെട്ട് അധികാരം ഒഴിയേണ്ടിവന്ന പിതാവ് ജയിലിൽ അടയ്ക്കപ്പെട്ടതോടെ ഷിയുടെ കഷ്ടകാലവും തുടങ്ങി. അനുജൻ യുവാൻ പിംഗിനോടും ഇളയ സഹോദരി കിയാവോയോടുമൊപ്പം രാജ്യത്തിന്റെ ഉൾപ്രദേശത്തുള്ള ഗ്രാമങ്ങളിലേക്കു നാടുകടത്തപ്പെടുകയായിരുന്നു. യാത്രാസൗകര്യങ്ങളില്ലാത്ത നാട്ടിൻപുറങ്ങളിലുള്ള ഊടുവഴികളിലൂടെ കിലോമീറ്ററുകൾ നടന്നും വൈദ്യുതിയില്ലാത്തതിനാൽ മണ്ണെണ്ണവിളക്കിന്റെ വെട്ടത്തിൽ പുസ്തകങ്ങൾ വായിച്ചും സ്കൂൾപഠനം പൂർത്തിയാക്കി. പാർട്ടിയുടെ അനഭിമതനായ നേതാവിന്റെ മകൻ എന്ന ദുഷ്പ്പേര് കൂടെയുണ്ടായിരുന്നതിനാൽ യുവജനസംഘടനയിലേക്കുള്ള അപേക്ഷയും നിരസിക്കപ്പെട്ടു. വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ 21-ാം വയസ്സിലാണ് പാർട്ടിയിൽ അംഗമാകുന്നത്. നേതൃമാറ്റം വന്നതോടെ ജയിൽമോചിതനായ പിതാവ് പ്രവിശ്യാതലവനായി നിയമിക്കപ്പെടുംവരെ ഷിയുടെ കഷ്ടകാലം പിന്നാലെയുണ്ടായിരുന്നു. സിൻഹുവാ സർവകലാശാലയിൽനിന്ന് മാർക്സിയൻ തിയറിയിൽ ബിരുദമെടുത്തശേഷം നിയമപഠനത്തിൽ ഡോക്ടറേറ്റും നേടി. കെമിക്കൽ എൻജിനീയറും നാടോടിഗായികയെന്ന നിലയിൽ പ്രശസ്തയുമായിരുന്ന പെംഗ് ലിയുവാനുമായി ഷിയുടെ വിവാഹം 34-ാം വയസിൽ 1987ലായിരുന്നു. ഹാർവാർഡ് സർവകലാശാലയിൽനിന്ന് മനഃശാസ്ത്രത്തിൽ ബിരുദമെടുത്ത് യു എസിൽ സ്ഥിരതാമസമാക്കിയ ഷി മിംഗ്സെയാണ് ഏകമകൾ.

മറ്റു പല നേതാക്കളിൽനിന്നും വ്യത്യസ്തനായി മാർക്സിയൻ സിദ്ധാന്തങ്ങളിലും നിയമത്തിലുമുള്ള പാണ്ഡിത്യം പാർട്ടിയിലുള്ള ഷിയുടെ ഉയർച്ചയിൽ മുതൽക്കൂട്ടായി. ഹു ജിന്റാവോ പ്രസിഡന്റും ഷി ജിൻപിംഗ് വൈസ് പ്രസിഡന്റുമായിരിക്കേ നടന്ന 2012 ലെ 18-ാം പാർട്ടി കോൺഗ്രസിൽ ഉപപ്രധാനമന്ത്രിയായിരുന്ന ലി കെക്യാംഗിനെ തന്റെ പിൻഗാമിയാക്കണമെന്ന ജിന്റാവോയുടെ ആഗ്രഹം അധികാരവടംവലിയിലേക്കു നീണ്ടു. ഒടുവിൽ ഒത്തുതീർപ്പെന്ന നിലയിലാണ് ഷിയെ പ്രസിഡന്റും കെക്യാംഗിനെ പ്രധാനമന്ത്രിയുമായി തിരഞ്ഞെടുത്തത്. പത്തുവർഷം മുമ്പു നടന്ന ആ സംഭവത്തിന്റെ ചൊരുക്ക് മനസ്സിൽ വച്ചുകൊണ്ട് കെക്യാംഗിനെ കേന്ദ്രകമ്മിറ്റിയിൽനിന്നൊഴിവാക്കിയും ഹു ജിന്റാവോയെ നേതൃസ്ഥാനത്തേക്കുള്ള വോട്ടെടുപ്പിനുമുമ്പേ വേദിയിൽനിന്നു പുറത്താക്കുകയും ചെയ്ത് ഷി പകരം വീട്ടി. ബലംപ്രയോഗിച്ച് സമാപനവേദിയിൽനിന്ന് ജിന്റാവോയെ ഇറക്കിവിടുന്ന വീഡിയോദൃശ്യങ്ങൾ ലോകമാകെ പ്രചരിച്ചത് പലവിധ വ്യാഖ്യാനങ്ങൾക്കും ഇടയാക്കി. അനാരോഗ്യംമൂലമാണ് അദ്ദേഹത്തെ ഒഴിവാക്കിയതെന്ന ഔദ്യോഗികഭാഷ്യം വിശ്വസനീയമല്ലെന്ന് രാഷ്ട്രീയനിരീക്ഷകരും പ്രതികരിച്ചു.

2012 ൽ അധികാരമേറ്റ ആദ്യ ഊഴത്തിൽത്തന്നെ അഴിമതിക്കെതിരേ സ്വീകരിച്ച ശക്തമായ നടപടികൾവഴി ജനഹൃദയങ്ങളിൽ ഇടംനേടാൻ കഴിഞ്ഞതാണ് ഷിയുടെ ആദ്യവിജയം. താഴെത്തട്ടുമുതൽ മുകളറ്റംവരെയുള്ള രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരുമടങ്ങിയ 50 ലക്ഷം പേരെങ്കിലും കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അന്വേഷണം നേരിടുകയോ ജയിലിൽ അടയ്ക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. വിദേശനയത്തിൽ കാർക്കശ്യസ്വഭാവം സ്വീകരിക്കുന്ന അദ്ദേഹം തയ്‌വാൻ ദ്വീപിനെ ചൈനാവൻകരയോടു ചേർക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന പ്രഖ്യാപനവും പാർട്ടി കോൺഗ്രസിൽ ആവർത്തിച്ചു. തയ്‌വാൻ പ്രശ്നത്തിന്റെ പേരിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള ഉപരോധങ്ങൾ, ഹോങ്കോങ്ങിലെ ജനകീയപ്രക്ഷോഭം, സിൻജിയാംഗ് പ്രവിശ്യയിലെ ന്യൂനപക്ഷമുസ്ലീം വംശജരായ ഉയ്ഗൂറുകളുടെ മേലുള്ള കടുത്ത നടപടികൾ, ടിബറ്റ് അധിനിവേശത്തെത്തുടർന്നുള്ള എതിർപ്പുകൾ, ജപ്പാനും ഇന്ത്യയുമായുള്ള അതിർത്തി പ്രശ്നങ്ങൾ തുടങ്ങി സങ്കീർണമായ ഒട്ടേറെക്കാര്യങ്ങളാണ് പരിഹരിക്കപ്പെടാനായി ഷിയുടെ മുൻപിലുള്ളത്. ലോകരാജ്യങ്ങളെ മുഴുവൻ ഭീതിയിലാക്കിയ കൊവിഡ് 19 ന്റെ ഉറവിടം തന്റെ രാജ്യമാണെന്ന പഴി കേൾക്കേണ്ടിവന്നപ്പോഴും അടിപതറാതെനിന്ന് വിശാലമായ രാജ്യത്തെ മുന്നോട്ടു നയിച്ചതിന്റെ ക്രെഡിറ്റ് ഷി ജിൻപിംഗിനുമാത്രം അവകാശപ്പെട്ടതാണ്. 145 കോടിയിലേറെ ജനസംഖ്യയും 96 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുമുള്ള രാജ്യം (ഇന്ത്യയുടെ മൂന്നിരട്ടി വലുപ്പം) നേരിടുന്ന നിരവധിയായ പ്രതിസന്ധികളെ ചെറുത്തുനിന്നു പോരാടി ജയിക്കാനുള്ള മനക്കരുത്തും നേതൃപാടവവും ഷി ജിൻപിംഗിനുണ്ടെന്ന് സമ്മതിച്ചേ മതിയാകൂ. രാജ്യത്തിന്റെ പുനരുജ്ജീവനം എന്ന സ്വപ്നത്തിന് ചിറകുകൾ നൽകാൻ അടുത്ത അഞ്ചുവർഷവും ഒരുപക്ഷേ, അതിനപ്പുറവും ഷി എന്ന കരുത്തനായ രാഷ്ട്രീയക്കാരനു കഴിയുമെന്ന് നിരീക്ഷിക്കുന്നവരുണ്ട്. ■

*കർദിനാൾ റോബർട്ട് സറാ രചിച്ച Catechism of the Spiritual Life എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പാഠനം.* (2)

# മാമ്മോദീസാ പുതുജീവനിലേക്കുള്ള കവാടം





ഫാ. കുര്യാക്കോസ് നരിതൂക്കിൽ

> **ഓരോ മനുഷ്യാസ്തിത്വത്തിന്റെയും പരമമായ ലക്ഷ്യം ദൈവത്തിൽ ഒന്നാവുകയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ ദൈവസ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നതു മാമ്മോദീസായാണ്. സഭാപിതാക്കന്മാർ പതിവായി ഓർമിപ്പിക്കുന്ന ഒരു പ്രതീകം തീയിൽ തീയായി മാറുന്ന ഇരുമ്പിൻകഷണത്തിന്റെ മാതൃകയാണ്.**

**മാ**മ്മോദീസായെക്കുറിച്ചുള്ള ഈ അധ്യായത്തിൽ ഗ്രന്ഥകാരൻ വിശദമാക്കുന്നത്, കർത്താവീശോമിശിഹായുടെ കുരിശുമരണവും തിരുവുത്ഥാനവും മനുഷ്യന്റെ അസ്തിത്വത്തെയും അവന്റെ ചരിത്രത്തെയും സമൂലം മാറ്റിമറിച്ചു എന്നാണ്. "മിശിഹായിൽ ജീവിക്കുന്ന ഏതൊരാളും പുതിയ സൃഷ്ടിയാണ്" (2 കൊറി. 5:17). പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതായിട്ടാണ് ഈ സമൂലപരിവർത്തനത്തെ എഫേസൂസുകാർക്കുള്ള ലേഖനം 4-ാം അധ്യായം 22-24 വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ വരച്ചുകാണിക്കുന്നത്. "അതിനാൽ, നിങ്ങളുടെ പഴയ ജീവിതരീതിയെ - ദുരാശകളാൽ ജീർണിച്ച ആ പഴയ മനുഷ്യനെ - നിങ്ങളിൽനിന്നകറ്റുവിൻ. നിങ്ങൾ ആന്തരികമായി നവീകരിക്കപ്പെടണം. നീതിയിലും യഥാർത്ഥ വിശുദ്ധിയിലും ദൈവം സൃഷ്ടിച്ച പുതിയ മനുഷ്യനെ ധരിക്കേണ്ടതിനാണിത് (എഫേ. 4:22-24). മാമ്മോദീസാവഴിയാണ് നമ്മൾ ത്രിതൈകദൈവത്തിന്റെ ജീവനിൽ പങ്കുകാരാകുന്നത് (2പത്രോ. 1:4).

### മിശിഹായോടുകൂടി മരിച്ച് ഉത്ഥാനം ചെയ്യുന്നു

"നമ്മളെ ക്രൈസ്തവജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്ന കൂദാശയാണ് മാമ്മോദീസാ; അതു നമ്മളെ ദൈവമക്കളാക്കുന്നു; ദൈവത്തിന്റെ വലിയ വിശുദ്ധ കുടുംബമായ സഭയിൽ അംഗങ്ങളാക്കുന്നു. അങ്ങനെ നമുക്ക് സാധുവായവിധം മറ്റു കൂദാശകൾ സ്വീകരിക്കാൻ സാധിക്കുന്നു. ആരാധനക്രമത്തിൽ പങ്കുചേരാനും മാമ്മോദീസായാണ് നമ്മളെ യോഗ്യരാക്കുന്നത്. പാപം ചെയ്താൽ മനസ്താപത്തോടെ കുമ്പസാരിച്ചു മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം വീണ്ടെടുക്കാം. ജലത്തിൽ മുങ്ങുകയും തുടർന്ന് ജലത്തിൽനിന്നു പുറത്തുവരുകയും ചെയ്യുന്നത് ഈശോയുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതീകമാണ് (റോമാ. 6:5-6).

തുടർന്ന്, വിശുദ്ധ അംബ്രോസ് പറഞ്ഞ വാക്കുകളാണ് കർദിനാൾ സറാ ഉദ്ധരിക്കുന്നത്: "നീ എവിടെയാണു മാമ്മോദീസാ സ്വീകരിച്ചതെന്നു കാണുക. മിശിഹായുടെ കുരിശിൽനിന്ന്, അവിടുത്തെ മരണത്തിൽനിന്ന് അല്ലാതെ എവിടെനിന്നാണു മാമ്മോദീസാ വരുന്നത്. അവിടെയാണ് ദിവ്യരഹസ്യം. മിശിഹാ നിനക്കായി മരിച്ചു. അവിടുന്നിൽ നീ വീണ്ടെടുക്കപ്പെട്ടു. അവിടുന്നിൽ നീ രക്ഷിക്കപ്പെട്ടു." (കത്തോലിക്കാസഭയുടെ മതബോധനം നമ്പർ 1225).

### മാമ്മോദീസായും പരിശുദ്ധത്രിത്വവും

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുന്നതിലൂടെ ത്രിതൈകദൈവത്തിന്റെ ജീവനിൽ ഓരോ ക്രൈസ്തവനും നിമഗ്നനാവുകയാണ്. ജോർദാനിൽ ഈശോ മാമ്മോദീസാ സ്വീകരിക്കുമ്പോൾ പരിശുദ്ധ ത്രിത്വം അവിടെ സന്നിഹിതമാകുന്നു.

ലിയോണിലെ മെത്രാനായിരുന്ന വിശുദ്ധ ഇരണേവൂസിന്റെ (എ.ഡി. 200 കാലഘട്ടം) പ്രശസ്തമായ വാക്യം ഓർക്കുന്നു: "മനുഷ്യൻ ദൈവമായിത്തീരാൻ ദൈവം മനുഷ്യനായി."

ഓരോ മനുഷ്യാസ്തിത്വത്തിന്റെയും പരമമായ ലക്ഷ്യം ദൈവത്തിൽ ഒന്നാവുകയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ ദൈവസ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നതു മാമ്മോദീസായാണ്. സഭാപിതാക്കന്മാർ പതിവായി ഓർമിപ്പിക്കുന്ന ഒരു പ്രതീകം തീയിൽ തീയായി മാറുന്ന ഇരുമ്പിൻകഷണത്തിന്റെ മാതൃകയാണ്.

ആദിമാതാപിതാക്കളും ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു. അതിന് അവർ ദൈവകല്പന ലംഘിക്കുകയും അവരിൽത്തന്നെ ആശ്രയിക്കുകയും ചെയ്തു. ഉദ്ഭവപാപം നീക്കുന്ന മാമ്മോദീസായിലാകട്ടെ എളിമയോടും കൃതജ്ഞതയോടുംകൂടെ ഈ ദൈവികദാനം ഏറ്റുപറയുകയും പരിശുദ്ധ ത്രിത്വത്തിന്റെ നമ്മിലുള്ള പ്രവർത്തനം അംഗീകരിക്കുകയുമാണ്. മാമ്മോദീസാവഴി നമ്മൾ ദൈവമായി മാറുകയല്ല, ദൈവികജീവനിൽ പങ്കുകാരാവുകയാണ്. "ഈശോ അവരോട് അരുൾ ചെയ്തു: "നിങ്ങൾ ദൈവങ്ങളാണ് എന്നു ഞാൻ പറഞ്ഞു" (സങ്കീർത്തനം 82) എന്നു നിങ്ങളുടെ നിയമത്തിൽ എഴുതിയിട്ടുണ്ടല്ലോ? അവരുടെ പക്കൽ ദൈവവചനം ഉണ്ടായിരുന്നതിനാലാണ് 'ദൈവങ്ങൾ' എന്ന് അവരെ വിളിച്ചത്" (വി. യോഹ. 10:34,35).

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മാമ്മോദീസാ മുങ്ങുന്നതുവഴി എത്ര അസാധാരണവും അവർണനീയവുമായ ദാനമാണ് മനുഷ്യനു സംലഭ്യമാകുന്നത്. സുവിശേഷത്തോടും ദൈവത്തോടുതന്നെയും ശത്രുത വച്ചു പുലർത്തുന്ന ഒരു ലോകത്തിൽ ദൈവസഹായത്തോടെ വിശ്വാസാനുസൃതജീവിതം നയിക്കുവാനുള്ള വലിയ ഉത്തരവാദിത്വമാണ് മാമ്മോദീസാ സ്വീകരിക്കുന്നവൻ ഏറ്റെടുക്കുന്നത്. അതൊരു വെല്ലുവിളിയാണ്.

### മാമ്മോദീസാ എന്റെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

കർദിനാൾ സറാ തുടർന്നെഴുതുന്നത് വിശുദ്ധ ഹൊസേ മരിയ എസ്ക്രീവായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ്: "ക്രിസ്ത്യാനിയാവുക എന്നത് യാദൃച്ഛികമായി സംഭവിക്കുന്ന കാര്യമല്ല. അതു നമ്മുടെ അസ്തിത്വത്തെ ആഴമായി സ്പർശിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കുവാനുള്ള സുദൃഢമായ മനസ്സും വ്യക്തമായ കാഴ്ചപ്പാടും വിശ്വാസിക്കു പ്രദാനം ചെയ്യുന്നു.

ഈശോയുമായുള്ള ഉറ്റബന്ധമാണ് പ്രധാന കാര്യം. മാമ്മോദീസാവഴി ഈശോയുടെ തിരുരക്തത്താൽ ശുദ്ധീകരിക്കപ്പെടുന്ന അനുഭവം ലഭിക്കുന്നു.

### മാമ്മോദീസാ ദാനമായി ലഭിക്കുന്ന ജീവനാണ്

ഒരാളുടെ തീരുമാനംകൊണ്ടു മാത്രം ക്രിസ്ത്യാനി ആയിത്തീരുന്നില്ല. ആ തീരുമാനം ആവശ്യമാണ്. അതു ദൈവത്തിന്റെ വിളിക്കു നല്കുന്ന പ്രത്യുത്തരമാണ്. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്" (1 കൊറി. 15:10).

### മരണത്തിനു പിൻതിരിഞ്ഞ് ദൈവികജീവൻ സ്വീകരിക്കുക

സാത്താനെയും അവന്റെ ആഡംബരങ്ങളെയും തള്ളിപ്പറയുന്ന ഭാഗം മാമ്മോദീസായിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏറ്റവും ഉചിതമാണ്.

ഒരു മരണസംസ്കാരമാണ് ഇന്നത്തെ ലോകത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നതെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു. മാമ്മോദീസാ സ്വീകരിച്ചവൻ ഈ ആധിപത്യത്തെ തള്ളിപ്പറഞ്ഞിരിക്കുന്നു. അതിന്റെ പേരിൽ എതിർപ്പുകൾ ഉണ്ടാകുമെന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. "മിശിഹായിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവനുവേണ്ടി പീഡ സഹിക്കാനും നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു" (ഫിലി. 1:29).

### മാമ്മോദീസായുടെ മഹത്വവും അതിന്റെ അനിവാര്യതയും

ചില കുടുംബങ്ങൾ കുഞ്ഞുങ്ങളുടെ മാമ്മോദീസാ താമസിപ്പിക്കുന്നത് ഖേദകരമാണെന്നാണ് ഗ്രന്ഥകാരൻ എടുത്തുപറയുന്നത്. 20-ാം നൂറ്റാണ്ടിലെ ഒരു പ്രധാനപ്പെട്ട സഭാതനയനായ വി. ഹൊസേ മരിയ എസ്ക്രീവാ എഴുതുന്നു: "നീതിക്കും സ്നേഹത്തിനും ഒട്ടും നിരക്കാത്ത കാര്യമാണ് ഈ അനാസ്ഥ. ഇതുവഴി വിശ്വാസമെന്ന ദാനവും ആ കുഞ്ഞിന് ആത്മാവിൽ പരിശുദ്ധ ത്രിത്വത്തിന്റെ സഹവാസവും നിഷേധിക്കപ്പെടുകയാണ്."

കൊവിഡുകാലം മുഴുവനും മാമ്മോദീസാ വേണ്ടെന്നുവച്ച അനുഭവവും നമ്മുടെ മുമ്പിലുണ്ട്. നിത്യരക്ഷയ്ക്ക് മാമ്മോദീസാ ആവശ്യമാണെന്ന വിശ്വാസത്തിന് ഇളക്കം തട്ടാൻ ഇടയാക്കുന്ന കാര്യമാണിതെന്നാണ് കർദിനാൾ സറാ നിരീക്ഷിക്കുന്നത്.

സഭയുടെ കാനോൻനിയമം അനുശാസിക്കുന്നത് ജനിച്ച് താമസംവിനാ കുഞ്ഞിനു മാമ്മോദീസാ നൽകണമെന്നാണ്. മാമ്മോദീസായുടെ പഴയ ക്രമത്തിൽ, റോമൻറീത്തിൽ ഈ കുഞ്ഞിനുവേണ്ടി സഭയോടു നിങ്ങൾ എന്താവശ്യപ്പെടുന്നു എന്ന ചോദ്യം ഉണ്ടായിരുന്നു. അതിന് 'വിശ്വാസം' എന്ന ഉത്തരമാണു നല്കിയിരുന്നത്. ഇന്നതിനു മാറ്റം വരുത്തിയത് നിർഭാഗ്യമായിപ്പോയി എന്നാണ് കർദിനാൾ പറയുന്നത്. അദ്ദേഹം ആവർത്തിച്ചു പറയുന്നു: "ഇരുളടഞ്ഞ ഈ ലോകത്തിൽ കുഞ്ഞുങ്ങൾക്ക് വിശ്വാസത്തിന്റെ ദിവ്യപ്രകാശം നിഷേധിക്കാതിരിക്കാം."

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ബുദ്ധിമാൻ സംസാരത്തിലൂടെ പ്രീതി നേടുന്നു. ഭോഷന്റെ ഉപചാരം വ്യർത്ഥമാണ്.

പ്രഭാഷകൻ 20:13

**എഡിറ്റോറിയൽ**

# നവകേരളമല്ല യുവകേരളമാണാവശ്യം

മലയാളിവിദ്യാർത്ഥികളുടെ പാശ്ചാത്യഭ്രമം, അതിർത്തിവിടാൻ അവരെ നിർബന്ധിതരാക്കുന്നു. ഇതുവഴി ഭാവികേരളത്തിന്റെ സ്വപ്നങ്ങളാണു പറന്നകലുന്നത്. ഇതൊരു സാംസ്കാരികാപചയമായോ സ്വത്വപ്രതിസന്ധിയായോ വിലയിരുത്തുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. പഠനവും ജോലിയും തേടിയുള്ള നമ്മുടെ ചെറുപ്പക്കാരുടെ കടലിന്നക്കരയ്ക്കുള്ള സഞ്ചാരംവഴി ഘട്ടംഘട്ടമായെങ്കിലും നൈപുണ്യശോഷണം സംഭവിക്കുന്ന നാടായി നമ്മുടെ കേരളം മാറിയിരിക്കുന്നുവെന്നത് ഗൗരവാവഹമാണ്. അത്തരമൊരു നാടിന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾക്ക് അതിർത്തിയില്ലതാനും.

പഠിക്കാൻ വിദേശത്തുപോകുന്ന മലയാളിവിദ്യാർത്ഥികളുടെ എണ്ണത്തിൽ ഓരോ വർഷവുമുണ്ടാകുന്ന വർദ്ധന അമ്പരപ്പിക്കുന്നതാണ്. 2019 ൽ വിദേശത്തു പഠിക്കാൻപോയ മലയാളികൾ 30,948 പേരായിരുന്നെങ്കിൽ 2016 ൽ ഇത് 14,428 മാത്രമായിരുന്നു. കേന്ദ്രസർക്കാർ ലോകസഭയിൽ അവതരിപ്പിച്ച കണക്കാണിത്. കേരളത്തിനുപുറത്തുനിന്നും ഗൾഫിൽനിന്നുമൊക്കെ പോയ മലയാളികൾ ഇതിലുൾപ്പെടുന്നില്ല.

ഇന്ത്യയിൽനിന്നുള്ള വിദ്യാർത്ഥിക്കുടിയേറ്റം ഓരോ വർഷവും 40 ശതമാനം വീതം വർദ്ധിക്കുന്നതായാണ് അനൗദ്യോഗിക കണക്ക്. ദക്ഷിണേന്ത്യയിൽ എണ്ണത്തിൽ മുന്നിൽ ആന്ധ്രാപ്രദേശും തമിഴ്നാടുമാണെങ്കിലും ജനസംഖ്യാനുപാതികമായി ഏറ്റവും കൂടുതൽ പേർ പോകുന്നത് കേരളത്തിൽനിന്നാണ്. 2021–22 ൽ കേരളത്തിലെ ബാങ്കുകളിൽനിന്ന് വിദേശപഠനത്തിനു വായ്പയെടുത്തത് 82,781 പേരാണ്. നിലവിലുള്ള കുടിയേറ്റക്കണക്കുകൾ കൂട്ടിവായിച്ചാൽ, അഞ്ചുവർഷത്തിനകം ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ കേരളം വിടും. പന്ത്രണ്ടാം ക്ലാസ് പാസാകുന്ന കുട്ടികളിൽ നാലിലൊന്നുപേർ തുടർപഠനത്തിനായി ഏതെങ്കിലുമൊരു ഘട്ടത്തിൽ വിദേശത്തു പോകുന്നുണ്ടെങ്കിൽ അതു കേരളസമൂഹത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ ചെറുതല്ലെന്ന് ഓർക്കേണ്ടതുണ്ട്.

അഞ്ചുവർഷംകൊണ്ട് പി.എസ്.സി. വഴി ഒരുലക്ഷം പേർക്ക് ജോലി കൊടുത്തെന്നാണ് സർക്കാർ വമ്പു പറയുന്നത്. അതായത്, ഒരു വർഷം 20,000 പേർക്ക് ജോലി കിട്ടുന്നുവെന്നർത്ഥം. എങ്കിൽ, പഠിച്ചിറങ്ങുന്നവരുടെ എണ്ണം എത്രയെന്നറിയാൻ ആരെങ്കിലും ശ്രമിക്കാറുണ്ടോ? 2020–21 ൽ കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ പ്രവേശനം നേടിയവർ 1,01,686. എൻജിനീയറിങ് കോളജുകളിൽ പ്രവേശനം നേടിയവർ 27,916 (അവലംബം:ആസൂത്രണ ബോർഡിന്റെ സാമ്പത്തികാവലോകന റിപ്പോർട്ട് 2021). ഐ.ടി. ഒഴികെ സ്വകാര്യമേഖലയിൽ മെച്ചപ്പെട്ട ശമ്പളമില്ലെന്നത് അറിവുള്ള കാര്യമാണ്. കേരളത്തിന്റെ ശമ്പളവ്യവസ്ഥയുടെ നേർച്ചിത്രം നേരിട്ടറിയാവുന്ന മലയാളി നാടുവിട്ടില്ലെങ്കിലേ അദ്ഭുതമുള്ളൂ!

വിദ്യാഭ്യാസനിലവാരത്തിലും തൊഴിലവസരങ്ങളിലും ശമ്പളത്തിലും കേരളം തങ്ങളെ നിരാശപ്പെടുത്തുന്നുവെന്ന കുടിയേറ്റക്കാരുടെ രോദനം കണ്ടില്ലെന്നു നടിക്കാൻ സർക്കാരിനാവുമോ? കാലത്തിനൊത്തു മാറാത്ത സാമൂഹികസാംസ്കാരികാന്തരീക്ഷവും പ്രത്യാശ പകരാത്ത രാഷ്ട്രീയപ്രവർത്തനശൈലിയുമൊക്കെ, ചിന്തിക്കുന്നവർക്ക് മടുപ്പും വെറുപ്പുമുളവാക്കുന്നതാണ്. വിരൽത്തുമ്പിൽ തുറന്നുകിട്ടുന്ന വെർച്വൽ ലോകത്ത് സ്വതന്ത്രവും വിശാലവുമായ ജീവിതം സ്വപ്നം കാണുന്ന തലമുറമാറ്റത്തിന്റെ കാലമാണിത്. പുതുതലമുറയെ ശ്വാസംമുട്ടിക്കുന്ന കേരളത്തിലെ സാമൂഹികാന്തരീക്ഷവും കപടസദാചാരബോധവും തിരുത്തിയെടുക്കാൻ വിദ്യാഭ്യാസമേഖലയടക്കമുള്ള നമ്മുടെ സംവിധാനങ്ങൾ തയ്യാറായെങ്കിലേ കേരളത്തിന്റെ സാംസ്കാരികമുന്നേറ്റം സാധ്യമാകൂ.

ലോകം മുന്നേറുന്നതിന്റെ വിരുദ്ധദിശയിൽ നമ്മുടെ നാട് തപ്പിത്തടഞ്ഞുനിൽക്കുമ്പോൾ യുവതലമുറ സ്വന്തം വഴി തേടിപ്പോകുന്നതിൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. മെച്ചപ്പെട്ട ശമ്പളവും ജീവിതസാഹചര്യവും ഉറപ്പാക്കാനാവുംവിധം കേരളത്തിലെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തണം. ഇവിടെയുള്ള തൊഴിലുകൾ പ്രൊഡക്ടീവാകണം. അതിനുവേണ്ടത് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ ഡിജിറ്റൽ ശക്തീകരണമാണ്. അതു സംഭവിച്ചില്ലെങ്കിൽ, പുറത്തുനിന്നു നൈപുണ്യമുള്ളവരെ കേരളത്തിലേക്ക് ആകർഷിക്കാനാവില്ല. ബൗദ്ധികമേഖലയിൽ ഒട്ടും നൈപുണ്യമില്ലാത്തവരുടെ ഗൾഫായി കേരളം മാറരുത്. ക്രിയാത്മകതയും സംരംഭകത്വവുമുള്ള നിപുണർ കേരളത്തിലേക്ക് ആകർഷിക്കപ്പെടേണ്ടതിന് കേരളം എത്ര കണ്ടു മാറണമോ അതിനു സർക്കാർ മുൻകൈയെടുക്കണം. അവർക്കു പറ്റിയ വിദ്യാഭ്യാസസംവിധാനങ്ങളും തൊഴിലിടങ്ങളും സജ്ജമാക്കുന്നതിൽ സർക്കാർ മടിച്ചുനിൽക്കുന്നതെന്താണ്? അവിദഗ്ധമേഖലകളിൽ ജോലി നോക്കുന്ന അതിഥിത്തൊഴിലാളികളെക്കൊണ്ടു മാത്രം നിറയ്ക്കാനുള്ളതല്ല കേരളം. മാറിച്ചിന്തിക്കാനും മാറി നടക്കാനുമുള്ള ശേഷിയും ശേമുഷിയും ഇനിയെങ്കിലും മലയാളിക്കുണ്ടായേ പറ്റൂ. കേരളം മനസ്സുകൊണ്ടെങ്കിലും കൂടുതൽ ചെറുപ്പമാകട്ടെ, വിശാലമാകട്ടെ, കരുത്തുറ്റതാകട്ടെ.

■

# ഇന്ത്യക്കാർക്ക് വിശ്വാസം പത്രങ്ങളെത്തന്നെ

ഇന്റർനെറ്റ്യുഗത്തിലും ഇന്ത്യക്കാർക്ക് വിശ്വാസം പത്രങ്ങളെത്തന്നെയെന്ന് റിപ്പോർട്ട്. ലോക്നീതി–സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡവലപ്പിങ് സൊസൈറ്റീസും (സി.എസ്.ഡി.എസ്.) കൊൺറാഡ് അഡെന്യൂർ സ്റ്റിഫ്റ്റങ്ങും (കെ.എ.എസ്.) ചേർന്ന് കേരളമുൾപ്പെടെ 19 സംസ്ഥാനങ്ങളിൽ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. പതിനഞ്ചുവയസ്സിനുമുകളിലുള്ള 7463 പേർ സർവേയിൽ പങ്കെടുത്തു.

സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നുണ്ടെങ്കിലും വാർത്തയുടെ കാര്യത്തിൽ വിശ്വാസം പത്രങ്ങളെയാണെന്ന് ഭൂരിപക്ഷവും അഭിപ്രായപ്പെട്ടു. വാർത്തകളറിയാൻ ചാനലുകൾ കാണാറുണ്ടെങ്കിലും പൂർണവിശ്വാസം പോരാ. സ്വകാര്യവാർത്താചാനലുകളെയും ഓൺലൈൻ വാർത്താ വെബ്സൈറ്റുകളെയും വിശ്വാസത്തിലെടുക്കാനാവില്ലെന്നും സർവേ പറയുന്നു.



# ഈ വാക്കുകൾ എനിക്കു കിട്ടിയ സമ്മാനം

ഒക്ടോബർ ഇരുപത്തേഴിലെ ദീപനാളത്തിൽ 'ദേവാങ്കണം' എന്ന എന്റെ നോവലിനെക്കുറിച്ചുള്ള ഡോ. കുര്യൻ മാതോത്തച്ചന്റെ പ്രതികരണം വായിച്ചു. വളരെ നന്ദി. ഒരിക്കൽ ഞാൻ മാതോത്തച്ചനെ വിളിച്ചപ്പോൾ കണ്ണിന് ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമത്തിലായതിനാൽ വായിക്കാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞിരുന്നു.

എന്നിട്ടും അഗസ്ത്യായനവും അതിനുശേഷം ദേവാങ്കണവും ശ്രദ്ധാപൂർവം വായിക്കുകയും ദീപനാളം പ്രതികരണത്തിൽ നല്ല അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തതിൽ വളരെ നന്ദി. വളരെ സന്തോഷം. ദേവാങ്കണത്തെക്കുറിച്ച് മാതോത്തച്ചനെഴുതിയ നല്ല വാക്കുകൾ എനിക്കു കിട്ടിയ വിലയേറിയ പുരസ്കാരമായി ഞാൻ കരുതുന്നു. നന്ദി. ഇനിയും നല്ല നല്ല രചനകൾക്കായി, എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**ഗിരീഷ് കെ. ശാന്തിപുരം**



**പ്രതികരണം**

# വീണ്ടുവിചാരത്തിന്റെ നാളുകൾ

ദീപനാളം വാരികയിൽ 2022 ഒക്ടോബർ 27 ന് വിദ്യ വിജയകുമാറിന്റെ പേരിൽ വന്ന 'ഹിന്ദി എങ്ങനെ ഭൂരിപക്ഷത്തിന്റെ ഭാഷയാകും' എന്ന ലേഖനം അവസരോചിതവും അനിവാര്യവുമാണ്.

പല ആദിവാസിഗോത്രങ്ങളും സമൂഹങ്ങളും അന്യാധീനപ്പെടുന്നതിനു മുമ്പായി അവയുടെ ഭാഷയും സംസ്കാരികരൂപങ്ങളുമാണ് അപ്രത്യക്ഷമായത്. അധിനിവേശശക്തികൾ ആസൂത്രിതമായി അവയെ തകർത്തു എന്നു പറയുന്നതും ശരിയാണ്. ഹിന്ദി ഇന്ത്യയിൽ സർവവ്യാപകമായി അടിച്ചേല്പിക്കുന്നതിനെ കൃത്യമായി എതിർത്തത് തമിഴ്നാട്ടുകാരൻ മാത്രമായിരുന്നു. ഹിന്ദി ഇപ്പോൾ വൈദ്യശാസ്ത്രപഠനരംഗത്തും ഉദ്യോഗഗസ്ഥരംഗത്തും അത്യാവശ്യഘടകമായി മാറ്റുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. സാധാരണക്കാരെല്ലാം ഹിന്ദി ഭൂരിപക്ഷത്തിന്റെ ഭാഷയാണെന്നു ധരിക്കുകയും ഹിന്ദിയെ പ്രോത്സാഹിപ്പിക്കാനുള്ള നീക്കത്തിൽ കാര്യമായ പ്രതിഷേധം രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. വിദ്യ വിജയകുമാറിന്റെ ലേഖനം നമ്മുടെ ധാരണകളെ അടിമുടി മാറ്റുന്ന ഒന്നാണ്. അധിനിവേശശക്തികൾ ഭാഷാവധത്തിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്നത് ആദിവാസിസമൂഹങ്ങളെ ഇല്ലായായ്മ ചെയ്യാൻ സ്വീകരിച്ച അതേ തന്ത്രമാണെന്നും അതിന്റെ പിന്നിൽ പതിയിരിക്കുന്ന സാംസ്കാരികഫാസിസത്തിന്റെ ക്രൂരമുഖങ്ങളെ തിരിച്ചറിയണമെന്നും ലേഖിക ആവശ്യപ്പെടുന്നു.

സാംസ്കാരികഫാസിസത്തിനെതിരേ പ്രതികരിക്കാനുള്ള ഈ ആഹ്വാനം അവസരോചിതവും അനിവാര്യവുമെന്നു കരുതട്ടെ. ലേഖനകർത്താവിനും അതു പ്രസിദ്ധീകരിച്ച ദീപനാളം വാരികയ്ക്കും അനുമോദനങ്ങൾ.

**റ്റി.ജെ. അബ്രാഹം**
**കാഞ്ഞിരപ്പള്ളി**

# മലയാളത്തിൽ സിവിൽ സർവീസ്

## വഴിതെളിച്ച് ജോബിൻ എസ്. കൊട്ടാരം

**അഭിമുഖം**

**സത്യൻ പി. ആർ.**

**1964** മുതൽ ഐ.എ.എസ്./ ഐ.പി.എസ്. തുടങ്ങിയ ഉന്നത പദവികളിലേക്കുള്ള സിവിൽ സർവീസ് പരീക്ഷ മലയാളത്തിലെഴുതുവാനുള്ള സൗകര്യം ലഭ്യമായിരുന്നു.

എന്നാൽ, സിവിൽ സർവീസ് പരീക്ഷ മലയാളത്തിലെഴുതാനുള്ള സ്റ്റഡി മെറ്റീരിയൽസോ പുസ്തകങ്ങളോ ലഭ്യമായിരുന്നില്ല. ഈ ഘട്ടത്തിലാണ് നീണ്ട പത്തു വർഷത്തെ ശ്രമഫലമായി ജോബിൻ എസ്. കൊട്ടാരം എന്ന ചെറുപ്പക്കാരൻ സിവിൽ സർവീസ് പരീക്ഷ മുഴുവനും മലയാളത്തിലെഴുതാനുള്ള ഇരുപത്തിയഞ്ചോളം പുസ്തകങ്ങൾ രചിച്ച് മലയാളഭാഷയുടെ സാധ്യതകൾ ഐ.എ.എസ്. പരീക്ഷയിലും ഉപയോഗിക്കാമെന്നു തെളിയിച്ചത്.

ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും മാനേജ്മെന്റിലും സൈക്കോളജിയിലും ബിരുദാനന്തരബിരുദവുമുള്ള ജോബിൻ എസ്. കൊട്ടാരം തികച്ചും യാദൃച്ഛികമായല്ല മലയാളഭാഷയ്ക്കുവേണ്ടിയുള്ള തന്റെ ഒറ്റയാൾ പോരാട്ടം ആരംഭിച്ചത്.

2011 ൽ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയും മെയിൻ പരീക്ഷയും പാസ്സായി ഡൽഹിയിലെ യു.പി.എസ്.സി. ആസ്ഥാനത്ത് സിവിൽ സർവീസ് ഇന്റർവ്യൂവിനായി ചെന്ന ജോബിന്റെ മനസ്സിൽ നിറഞ്ഞുനിന്നത് സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ചിന്തയായിരുന്നു. കേവലം രണ്ടു മാർക്കിന് സിവിൽ സർവീസ് എന്ന സ്വപ്നം നഷ്ടമായപ്പോഴും തന്റെ ജീവിതലക്ഷ്യത്തിൽനിന്നു പിൻവാങ്ങാൻ ഈ ചെറുപ്പക്കാരൻ തയ്യാറായില്ല. അങ്ങനെയാണ് സിവിൽ സർവീസ് പരിശീലനരംഗത്തേക്കു കടക്കുന്നത്.

ഒരു അധ്യാപകനെന്ന നിലയിൽ വിദ്യാർത്ഥികളുമായി ഇടപഴകിയപ്പോൾ മനസ്സിലാക്കിയ ഒരു കാര്യം, പല കുട്ടികൾക്കും ഇംഗ്ലീഷിൽ ഉത്തരമെഴുതുന്നതിനെക്കാൾ നന്നായി മലയാളത്തിൽ ഉത്തരമെഴുതുവാൻ സാധിക്കും എന്നതായിരുന്നു. ഗ്രാമീണമേഖലയിൽനിന്നു വരുന്ന പല മിടുക്കരായ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് അറിയാമെങ്കിലും ഡൽഹിയിലെയോ മുംബൈയിലെയോ മികച്ച കോളജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിനുള്ള നിലവാരം ഇല്ല എന്ന തിരിച്ചറിവും മലയാളത്തിൽ നിലവാരമുള്ള പുസ്തകങ്ങൾ എഴുതുന്നതിന് ജോബിൻ എസ്. കൊട്ടാരത്തിനു പ്രചോദകമായി ഭവിച്ചു.

വ്യത്യസ്തഭാഷകളും സംസ്കാരങ്ങളുമുള്ള ഒരു രാജ്യത്ത് വിവിധ ഭാഷകൾ സംസാരിക്കുന്ന ഇവിടുത്തെ പൗരന്മാർക്ക് തുല്യനീതി ലഭ്യമാകണമെന്ന കാഴ്ചപ്പാട് നമ്മുടെ ഭരണഘടനാവിദഗ്ധർക്കുണ്ടായിരുന്നു. ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മലയാളമടക്കമുള്ള 22 പ്രാദേശികഭാഷകളിൽ സിവിൽ സർവീസ് പരീക്ഷയെഴുതാമായിരുന്നു എന്നാൽ, കഴിഞ്ഞ അമ്പതു വർഷത്തിൽപ്പരമായി അതിനുവേണ്ടി സർക്കാർതലത്തിൽപ്പോലും യാതൊരുവിധ നടപടികളും ഇല്ലാതിരിക്കെയാണ് ജോബിൻ എസ്. കൊട്ടാരം അസാധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം സാധ്യമാക്കി നിരവധി സാധാരണക്കാരുടെ സ്വപ്നങ്ങൾക്കു കരുത്തുപകർന്നത്.

മലയാളഭാഷയോടുള്ള താത്പര്യംകൊണ്ട് മലയാളസാഹിത്യത്തിലും ജോബിൻ ബിരുദാനന്തരബിരുദം നേടി.

പുസ്തകങ്ങൾ എഴുതിയതിനൊപ്പംതന്നെ മലയാളത്തിലും ഇംഗ്ലീഷിലും സിവിൽ സർവീസ് പരിശീലനം നല്കുന്നതിനായി അബ്സൊല്യൂട്ട് എന്ന ഐ.എ.എസ്. അക്കാദമിക്കും ഇദ്ദേഹം രൂപം നൽകി. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു സൗജന്യമായി സിവിൽ സർവീസ് പരിശീലനം നല്കുന്നതിനായി 'ചിത്രശലഭം' എന്ന ഒരു പ്രൊജക്ടും ജോബിൻ



ആരംഭിച്ചു. ഈ പദ്ധതിയിലെ ആദ്യബാച്ചിലെ വിദ്യാർത്ഥികൾ മെയിൻ പരീക്ഷയെഴുതി റിസൾട്ട് കാത്തിരിക്കുകയാണിപ്പോൾ. മലയാളത്തിനുവേണ്ടി ഒറ്റയാൾപോരാട്ടം നടത്തുന്ന ജോബിൻ എസ്. കൊട്ടാരം ദീപനാളത്തിനുവേണ്ടി മനസ്സുതുറക്കുന്നു.

■ **മലയാളത്തിനുവേണ്ടി ഇത്ര വീറോടെ വാദിക്കുന്നതിനുള്ള കാരണമെന്താണ്?**

ലോകത്തിൽ ഏറ്റവുമധികം കണ്ടുപിടിത്തങ്ങൾ നടക്കുന്ന ജർമനി, ജപ്പാൻ, സൗത്ത് കൊറിയ, റഷ്യ, ചൈന, സ്കാൻഡിനേവിയൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം ഉന്നതവിദ്യാഭ്യാസം നടക്കുന്നതു മാതൃഭാഷയിലാണ്. ഒരു വ്യക്തി മാതൃഭാഷയിൽ പഠിക്കുമ്പോൾ മറ്റൊരു ഭാഷയിൽ പഠിക്കുന്നതിന്റെ ആറിലൊന്നു പ്രയത്നം മാത്രം മതി എന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഇംഗ്ലീഷ്മീഡിയത്തിൽ പഠിക്കുന്നത് 6% കുട്ടികൾ മാത്രമാണ്. വലിയ പാരമ്പര്യമുള്ള ഭാഷയാണ് മലയാളം. ഭാഷയുടെ സാധ്യതകൾ കൃത്യമായി വിനിയോഗിച്ചാൽത്തന്നെ ഉന്നത മത്സരപ്പരീക്ഷകളിലും മറ്റും വിജയിച്ച് ജീവിതവിജയം നേടാൻ നമ്മുടെ ചെറുപ്പക്കാർക്കാകും. പക്ഷേ, അതിനുവേണ്ടി വാദിക്കുന്നവർ വളരെ വിരളമാണ്. മലയാളം മീഡിയം സ്കൂളിൽ പഠിച്ച ഒരു വിദ്യാർത്ഥിയായിരുന്നു ഞാനും. ഇതൊക്കെ മലയാളത്തിനുവേണ്ടി പോരാടാൻ എനിക്ക് ഊർജം പകരുന്നുണ്ട്.

■ **സിവിൽ സർവീസ് പരീക്ഷ മലയാളത്തിലെഴുതാം, അഭിമുഖവും മലയാളത്തിൽ നടത്താം. പക്ഷേ, ചോദ്യപ്പേപ്പറുകൾ ഇന്നും മലയാളത്തിൽ ലഭ്യമല്ല. ഇതൊരു പോരായ്മയല്ലേ?**

തീർച്ചയായും. ഭരണഘടനയുടെ എട്ടാംപട്ടികയിലുള്ള 22 ഭാഷകളിലും സിവിൽ സർവീസ് പരീക്ഷയെഴുതാമെന്നിരിക്കേ, ചോദ്യപ്പേപ്പറുകൾ ഹിന്ദിയിലും ഇംഗ്ലീഷിലും മാത്രം തയ്യാറാക്കുന്നത് ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളുടെ ലംഘനമാണ്. ഇതിനെതിരേ കേരള സർക്കാരും കേരളത്തിൽനിന്നുള്ള എം.പിമാരും പ്രതികരിക്കണം. മറ്റു സംസ്ഥാനങ്ങളിലെ എം.പി.മാരുടെ പിന്തുണയും ഇതിനു തീർച്ചയായും ലഭിക്കും.

■ **പുതിയ പദ്ധതികളെന്തൊക്കെയാണ്?**

സിവിൽ സർവീസ് വിദ്യാർത്ഥികൾക്ക് കറന്റ് അഫയേഴ്സ് മലയാളത്തിൽ ലഭ്യമാക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയാണ്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു സൗജന്യമായി സിവിൽ സർവീസ് പരിശീലനം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ ചിത്രശലഭം പദ്ധതി കൂടുതൽ വിദ്യാർത്ഥികളിലേക്കു വ്യാപിപ്പിക്കും. ഇന്ത്യയിലെ 22 പ്രാദേശികഭാഷകളിലും സിവിൽ സർവീസ് പരിശീലനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾക്കു പിന്തുണ നല്കുക എന്ന ലക്ഷ്യവും ഇപ്പോൾ മുമ്പിലുണ്ട്.

■ **മാതൃഭാഷയിൽ സിവിൽ സർവീസ് എഴുതിയാൽ മികച്ച റാങ്ക് ലഭിക്കുമോ?**

2013 ലെ സിവിൽ സർവീസ് പരീക്ഷ തമിഴിലെഴുതി അഖിലേന്ത്യാതലത്തിൽ നാല്പത്തിയഞ്ചാം റാങ്ക് നേടിയ വി.പി. ജയശീലൻ പറയുന്നതു കേൾക്കുക: "ഞാൻ തമിഴിലാണ് സിവിൽ സർവീസ് പരീക്ഷയെഴുതിയത്. ഇത് തമിഴിന്റെ വിജയമാണ്. മാതൃഭാഷയിൽ പഠിക്കണമെന്ന ആവശ്യത്തിന്റെ ശക്തമായ വക്താവാണു ഞാൻ. സിവിൽ സർവ്വീസ് പരീക്ഷയിലെ വിജയത്തിന് ഭാഷ ഒരു തടസ്സമല്ല." തമിഴ്നാട്ടിൽനിന്ന് ഇംഗ്ലീഷിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികളെ പിന്നിലാക്കി ആ വർഷം സ്റ്റേറ്റ് ടോപ്പറായതും ജയശീലനായിരുന്നു.

നാഗാലാൻഡിൽ ഐ.എ.എസ്. ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിക്കുന്ന മുഹമ്മദ് അലി ഷിഹാബ്, ഇന്ത്യൻ റവന്യൂ സർവീസ് ഉദ്യോഗസ്ഥനും പാലാ സ്വദേശിയുമായ ജ്യോതിസ് മോഹൻ, ഇന്ത്യൻ റയിൽവേ പേഴ്സണൽ സർവീസ് ഉദ്യോഗസ്ഥനായ ലിപിൻ രാജ്, ഇന്ത്യൻ ഇൻഫോർമേഷൻ സർവീസ് ഉദ്യോഗസ്ഥനായ മിഥുൻ തുടങ്ങി നിരവധി ഉദ്യോഗസ്ഥർ മലയാളത്തിൽ മെയിൻ പരീക്ഷയെഴുതി സിവിൽ സർവീസ് നേടിയവരാണ്. മാതൃഭാഷയിൽ പരീക്ഷയെഴുതിയാൽ മികച്ച് റാങ്ക് കിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല എന്ന് ഈ ഉദാഹരണങ്ങളൊക്കെ സൂചിപ്പിക്കുന്നു.

■ **ഭാഷാവജ്ഞ മലയാളികളിൽ കൂടുതലാണോ?**

ആറായിരത്തോളം ഭാഷകൾക്കു വംശനാശം സംഭവിക്കുന്നു എന്ന തിരിച്ചറിവിൽ യുനെസ്കോ ലോകമെമ്പാടുമുള്ള മാതൃഭാഷകളുടെ സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയാണിപ്പോൾ. യുനെസ്കോയുടെ ഡയറക്ടർ ജനറലായിരുന്ന കൊയ്ചീറോ മത്സുര പറഞ്ഞത്, നമ്മുടെ അമ്മമാരിൽനിന്നു നാം പഠിക്കുന്ന ഭാഷയാണ് നമ്മുടെ മാതൃഭാഷയെന്നും അതിൽ നാം അഭിമാനിക്കണമെന്നുമാണ്.

എന്നാൽ, മലയാളിക്ക് മലയാളത്തോട് പലപ്പോഴും പുച്ഛമാണ്. ജീവസന്ധാരണത്തിനുവേണ്ടി വിദേശരാജ്യങ്ങളിലെ തൊഴിലിനെ ആശ്രയിക്കേണ്ടിവരുന്നത് മലയാളിയിൽ ഒരു അപകർഷതാബോധം ഉണ്ടാക്കുന്നുണ്ട്. ഇതിനു മാറ്റമുണ്ടാകണം. ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിലാണ് ഞാൻ എന്റെ പി.എച്ച്.ഡി. ചെയ്തത്. തമിഴ്നാട്ടിലെ ഭാരതിയാർ സർവകലാശാലയിൽ ഗവേഷണപ്രബന്ധം സമർപ്പിക്കുന്ന വേളയിൽ തീസിസിന്റെ പുറത്ത് തമിഴിലും പേരെഴുതേണ്ടതായി വന്നു. തമിഴ് ഭാഷയിൽ പി.എച്ച്.ഡി. തീസിസ് സമർപ്പിക്കുവാനുള്ള സൗകര്യവും അവിടെ ലഭ്യമാണ്. ഭാഷയുടെ ഉപയോഗവും സാധ്യതയും വർദ്ധിക്കുമ്പോൾ മാത്രമേ ഭാഷ വളരുകയുള്ളൂ. എങ്കിൽ, മാത്രമേ ഭാഷയോടുള്ള അവജ്ഞയും മാറുകയുള്ളൂ.

■ **കുടുംബത്തെക്കുറിച്ച്?**

ജർമൻ പൗരത്വമുള്ള ക്രിസ്റ്റിയാണ് ഭാര്യ. മകൻ എയ്ഡനും ജർമൻപൗരത്വമാണുള്ളത്. ചങ്ങനാശേരി ഇത്തിത്താനത്താണ് ഇപ്പോൾ താമസിക്കുന്നത്. സഹോദരൻ ഡോ. സെബിൻ എസ്. കൊട്ടാരം കേരളത്തിലെ അറിയപ്പെടുന്ന സൈക്കോളജിസ്റ്റും എഴുത്തുകാരനുമാണ്.

കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ മുൻ സംസ്ഥാന പ്രസിഡന്റുകൂടിയായ ജോബിൻ എസ്. കൊട്ടാരം ഭാഷാ - സാംസ്കാരികമേഖലകളിലെ തന്റെ ഇടപെടലുകളുമായി മലയാളഭാഷയ്ക്കുവേണ്ടിയുള്ള തന്റെ പോരാട്ടം തുടരുകയാണ്. തന്റെ രണ്ടാമത്തെ പിഎച്ച്.ഡി. മലയാളസാഹിത്യത്തിൽ ചെയ്യണമെന്നാണ് ജോബിൻ എസ്. കൊട്ടാരത്തിന്റെ ആഗ്രഹം. ■



നോവൽ 3 **ഇഗ്നേഷ്യസ് കലയന്താനി**

# മഴനിലാവ്

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്ക് ദൂരെയുള്ള ഒരു എയ്ഡഡ് സ്കൂളിൽ അധ്യാപികയായി ജോലി കിട്ടി. അച്ഛനോടൊപ്പം ട്രെയിനിൽ ജോലിസ്ഥലത്തേക്കു പോകുന്നതിനിടെ, ഒരു സ്റ്റേഷനിൽ വെള്ളം വാങ്ങിക്കാനിറങ്ങിയ അച്ഛൻ തിരികെ ട്രെയിനിൽ കയറിയില്ല. കമ്പാർട്ട്മെന്റിലുണ്ടായിരുന്ന അഭിഷേക് എന്ന യുവാവ് അവളെ സ്കൂളിന്റെ ഗേറ്റിൽ ഓട്ടോയിൽ കൊണ്ടിറക്കി. സ്കൂളിൽ ഇരിക്കുമ്പോൾ വീട്ടിൽനിന്ന് അനിയത്തി വിളിച്ചു പറഞ്ഞു, അച്ഛൻ പ്ലാറ്റ്ഫോമിൽ തലചുറ്റി വീണ് ആശുപത്രിയിലാണെന്ന്. ഇന്ദു സ്കൂൾ മാനേജരെ കാണാൻ അദ്ദേഹത്തിന്റെ ബംഗ്ലാവിലേക്കു ചെന്നു.*

*(തുടർന്നു വായിക്കുക)*

**വാ**തിൽ തുറന്നു പ്രത്യക്ഷപ്പെട്ടത് അഭിഷേക് ആയിരുന്നു. ട്രെയിനിൽവച്ചു പരിചയപ്പെട്ട്, ഇന്ദുലേഖയെ സ്കൂളിൽകൊണ്ടാക്കിയ അഭിഷേക്.

തനിക്കു വീട് തെറ്റിയോ എന്ന് ഇന്ദു ഒരു നിമിഷം സംശയിച്ചുപോയി.

"മാനേജരുടെ വീട്...?"

"ഇതുതന്നെയാ. വാ." അഭിഷേക് ഹൃദ്യമായി ചിരിച്ചുകൊണ്ട് അവളെ അകത്തേക്കു ക്ഷണിച്ചു. അകത്തുകയറി സ്വീകരണമുറിയിലെ സെറ്റിയിൽ അവളിരുന്നു.

"എന്റെ അച്ഛനാ സ്കൂളിന്റെ മാനേജർ. മുത്തച്ഛന്റെ കാലത്തു തുടങ്ങിയ സ്കൂളാ. ആദ്യം അൺഎയ്ഡഡായിരുന്നു. രാഷ്ട്രീയക്കാർക്ക് കാശൊക്കെ കൊടുത്ത് എയ്ഡഡാക്കിയെടുത്തു. മുത്തച്ഛൻ മരിച്ചപ്പോൾ അച്ഛനായി മാനേജർ. നേരത്തേ ഞാനിതു ടീച്ചറിനോടു പറഞ്ഞില്ലെന്നേയുള്ളൂ."

ഇന്ദു ആ മുഖത്തേക്കു തന്നെ നോക്കിയിരിക്കയായിരുന്നു.

"അച്ഛൻ എത്തിയോ?" അഭിഷേക് ആരാഞ്ഞു.

"ഇല്ല." അച്ഛന് എന്തുപറ്റിയെന്ന് അവൾ അഭിഷേകിനോടു വിശദീകരിച്ചു. ഇന്ദുവിന്റെ വീടിനെപ്പറ്റി അഭിഷേക് വിശദമായി ചോദിച്ചറിഞ്ഞു. അഞ്ചുപെൺകുട്ടികൾ മാത്രമുള്ള ഒരു കുടുംബത്തിലെ മൂത്തകുട്ടിയാണ് ഇന്ദു എന്നു കേട്ടപ്പോൾ അഭിഷേകിന് അനുകമ്പ തോന്നി.

"അച്ഛൻ വേഗം സുഖം പ്രാപിക്കാൻ ഞാൻ പ്രാർത്ഥിക്കാം."

ഇന്ദു കർച്ചീഫുകൊണ്ട് മുഖം ഒന്നു തുടച്ചിട്ടു പറഞ്ഞു: "എനിക്ക് മാനേജർസാറിനെ ഒന്നു കാണണം."

"അച്ഛൻ പുറത്തേക്കു പോയതാ. ഇത്തിരി വൈകിയേ വരൂ. ടീച്ചർ വന്ന കാര്യം ഞാൻ പറഞ്ഞേക്കാം."

ഇന്ദു തലകുലുക്കി.

അവർ സംസാരിച്ചിരിക്കുമ്പോൾ അടുത്ത മുറിയിൽനിന്ന് അഭിഷേകിന്റെ അമ്മ ശ്രീദേവി അങ്ങോട്ടു വന്നു. നല്ല കുലീനത്വമുള്ള വീട്ടമ്മ. വെളുത്തനിറം. അല്പം തടിച്ച ശരീരം. സാരിയാണു വേഷം. ഇന്ദുവിനെ നോക്കി ചിരിച്ചപ്പോൾ ഇന്ദു എണീറ്റു ഭവ്യതയോടെ കൈകൂപ്പി.

അഭിഷേക് ഇന്ദുവിനെ അമ്മയ്ക്കു പരിചയപ്പെടുത്തി:

"ഞാൻ പറഞ്ഞില്ലേ അമ്മേ... ട്രെയിനിൽ വച്ചു കണ്ട..."

"ഓ... ഇന്ദുറ്റീച്ചർ. അച്ഛൻ വന്നോ?"

അതിനു മറുപടി പറഞ്ഞത് അഭിഷേകാണ്. സംഭവം കേട്ടപ്പോൾ ശ്രീദേവിക്കും വിഷമമായി. ഇന്ദുവിന്റെ നാടിനെപ്പറ്റിയും വീടിനെപ്പറ്റിയുമൊക്കെ ചോദിച്ചിട്ട് ശ്രീദേവി ചായ എടുക്കാൻ അകത്തേക്കു പോയി.

ചായ കുടിച്ചിട്ട് ഇന്ദു യാത്ര പറഞ്ഞിറങ്ങി; നടക്കുന്ന വഴി അവൾ ആലോചിക്കുകയായിരുന്നു. എത്ര ഹൃദ്യമായ പെരുമാറ്റമാണ് ആ അമ്മയുടെയും മകന്റെയും. പണക്കാരാണെന്ന ഭാവമോ അഹങ്കാരമോ ഇല്ലാത്ത നല്ല മനുഷ്യർ.

തിരിച്ചു സ്കൂളിലെത്തിയപ്പോൾ ഹെഡ്മിസ്ട്രസിനോട് അവൾ അഭിഷേകിനെപ്പറ്റി പറഞ്ഞു.

"ഒക്കെ ഞാനറിഞ്ഞിരുന്നു. ഇന്ദുവിനെ കൊണ്ടാക്കിയ ഉടൻ അഭിഷേക് എന്നെ ഫോണിൽ വിളിച്ചിരുന്നു. അങ്ങനല്ലേ അച്ഛന് ട്രെയിൻ മിസായ കാര്യം ഞാനറിഞ്ഞത്."

ഇന്ദു ചിരിച്ചതേയുള്ളൂ.

"ങ്ഹാ പിന്നെ, ടീച്ചറിന് താമസസൗകര്യം ഞാനേർപ്പാടാക്കിയിട്ടുണ്ട്. ഇവിടടുത്തൊരു വീടെടുത്താണ് സ്നേഹലതറ്റീച്ചറും രാജിറ്റീച്ചറും താമസിക്കുന്നത്. ടീച്ചറിന് അവരുടെകൂടെ താമസിക്കാം. ഞാൻ പറഞ്ഞിട്ടുണ്ട്."

"വളരെ ഉപകാരം ടീച്ചർ"

"സ്നേഹലത സ്റ്റാഫ് റൂമിലുണ്ട്. വാ ഞാൻ പരിചയപ്പെടുത്താം." ഇന്ദുവിനെ കൂട്ടി സ്റ്റാഫ് റൂമിൽ ചെന്ന് സ്നേഹലതയെ പരിചയപ്പെടുത്തി.


സ്നേഹലത സുന്ദരിയാണ്. മുപ്പതിൽ താഴെയേ പ്രായം തോന്നിക്കൂ. വലിയ കണ്ണുകൾ. വെളുത്തനിറം. വടിവൊത്ത ശരീരം. ഒറ്റനോട്ടത്തിലേ ഇന്ദുവിന് ഇഷ്ടമായി. സംസാരിച്ചപ്പോൾ ആളൊരു വായാടിയാണെന്നു മനസ്സിലായി.

നാലുമണിയടിച്ചപ്പോൾ ടീച്ചേഴ്സ് എല്ലാം സ്റ്റാഫ് റൂമിലെത്തി. വീട്ടിൽ പോകാനുള്ള തിടുക്കത്തിൽ ഒന്നോ രണ്ടോ വാചകത്തിൽ പരിചയപ്പെടൽ ഒതുക്കിയിട്ട് ബാഗും കുടയുമെടുത്ത് മിക്കവരും സ്ഥലം വിട്ടു.

സ്നേഹലതയ്ക്കും രാജിക്കും ഒരു തിടുക്കവുമില്ലായിരുന്നു. ഏറ്റവും ഒടുവിലാണവർ സ്കൂളിൽനിന്നിറങ്ങിയത്. താമസസ്ഥലത്തേക്കു നടക്കുന്നതിനിടയിൽ അവർ ഇന്ദുവിനോട് വീട്ടുകാര്യങ്ങൾ ചോദിച്ചു. വീട്ടിലെ ബുദ്ധിമുട്ടുകളും അച്ഛന്റെ അവസ്ഥയുമൊക്കെ അവൾ വിശദീകരിച്ചു.

ഓരോന്നു സംസാരിച്ചു താമസസ്ഥലത്തെത്തി. സാമാന്യം നല്ല വീടാണ്. നാലോ അഞ്ചോ മുറികൾ. പുതിയ താമസക്കാരിയെ സ്നേഹലത മറ്റുള്ളവർക്കു പരിചയപ്പെടുത്തി.

സ്നേഹലതയുടെ മുറിയിൽ താമസിച്ചിരുന്ന പ്രേമയെ മറ്റൊരു മുറിയിലേക്കു മാറ്റിയിട്ട് ഇന്ദുവിന് അവിടെ കിടക്കയൊരുക്കി സ്നേഹലത. അതൊരനുഗ്രഹമായി കരുതി ഇന്ദു. സഹപ്രവർത്തകരാകുമ്പോൾ കൂടുതൽ അടുപ്പവും സ്നേഹവും ഉണ്ടാകുമല്ലോ. രാത്രിയിൽ ഏറെ നേരം അവർ സംസാരിച്ചിരുന്നു.



സ്നേഹലത അവിവാഹിതയാണ്. ആലോചനകൾ പലതു വന്നെങ്കിലും മനസ്സിൽ പിടിച്ച ഒരാളെ ഇനിയും കണ്ടെത്താനായില്ല. ഭർത്താവിനെപ്പറ്റി അവൾക്കു ചില സങ്കല്പങ്ങളും മോഹങ്ങളും ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം. സംഭാഷണപ്രിയനായിരിക്കണം. പരിഷ്കാരിയും പുരോഗമനചിന്താഗതിക്കാരനുമായിരിക്കണം. പുരുഷൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം സ്ത്രീക്കും കൊടുക്കുന്നവനായിരിക്കണം. അങ്ങനെ പലതും. കേട്ടപ്പോൾ ഇന്ദുവിന് ചിരിവന്നുപോയി.

"നമ്മള് ആഗ്രഹിക്കുന്നതെല്ലാം ഒത്തിണങ്ങിയ ഒരാളെ കിട്ടുമോ?"

"കിട്ടിയില്ലെങ്കിൽ കല്യാണമേ വേണ്ടെന്നു വയ്ക്കും. ആട്ടെ, ഇന്ദുവിന്റെ സങ്കല്പങ്ങളെന്തൊക്കെയാ?"

"എനിക്കങ്ങനെ സങ്കല്പങ്ങളൊന്നുമില്ല ടീച്ചർ. സ്നേഹിക്കാൻ കഴിയുന്ന ഒരു നമ്പൂതിരിച്ചെക്കനായിരിക്കണം. അത്രേയുള്ളൂ."

ഇന്ദു കട്ടിലിലേക്കു ചാഞ്ഞു. ലൈറ്റ് ഓഫ് ചെയ്തിട്ട് സ്നേഹലതയും കിടന്നു. ഉറക്കം വന്നില്ല ഇന്ദുവിന്. വീടിനെക്കുറിച്ചും അച്ഛനെക്കുറിച്ചും ഓർത്തു കിടക്കുകയായിരുന്നു. അച്ഛന് വല്ലതും സംഭവിച്ചാൽ കുടുംബം നോക്കാൻ ആരുണ്ട്? രണ്ടു ദിവസം ലീവ് കിട്ടിയിരുന്നെങ്കിൽ പോയി ഒന്ന് കാണാമായിരുന്നു. വന്നതേ ലീവ് ചോദിക്കുന്നതെങ്ങനെ?

ഓരോന്നു ചിന്തിച്ചു കിടന്നു വൈകിയാണവൾ ഉറങ്ങിയത്.

പുലരിയുടെ പ്രകാശം ജനാലച്ചില്ലിൽ പതിച്ചപ്പോഴാണ് കണ്ണു തുറന്നത്. വേഗം എണീറ്റു വാച്ചിൽ നോക്കി. മണി ആറര. സ്നേഹലത അപ്പോൾ ബാത്റൂമിലായിരുന്നു. വാഷ്ബേസിനിൽ പോയി പല്ലു തേച്ചു കണ്ണുംമുഖവും കഴുകി തിരികെ വന്നപ്പോൾ മുറിയിൽ സ്നേഹലത ഉണ്ടായിരുന്നു.

"നന്നായി ഉറങ്ങിയോ?"

"ഓരോന്നോർത്തു കിടന്ന് ഉറക്കം വന്നില്ല. വെളുപ്പിനാ ഒന്നു കണ്ണടച്ചത്.

സോപ്പും തോർത്തുമെടുത്ത് ഇന്ദു ബാത്റൂമിലേക്കു നടന്നു.

ഒൻപതരയായപ്പോൾ സ്കൂളിലെത്തി. ജലജറ്റീച്ചറുടെയും അശ്വതിറ്റീച്ചറുടെയും ഇടയിലാണ് ഇന്ദുവിന്റെ സീറ്റ്. അശ്വതിറ്റീച്ചർ സ്നേഹവതിയാണെന്നവൾക്കു തോന്നി. ഒരുപാടു കാര്യങ്ങൾ ചോദിക്കുകയും വിശേഷങ്ങൾ പറയുകയും ചെയ്തു. കാഴ്ചയിൽ അൻപതിനു മുകളിൽ പ്രായം തോന്നിക്കും.

ആദ്യത്തെ പീരിയഡ് ക്ലാസുണ്ടായിരുന്നു ഇന്ദുവിന്. തുടക്കത്തിൽ ഒരു കഥ പറഞ്ഞു കുട്ടികളെ കൈയിലെടുത്തു ഇന്ദു. ഒരു പീരിയഡ് കടന്നുപോയത് കുട്ടികളറിഞ്ഞതേയില്ല. ക്ലാസ് കഴിഞ്ഞു സ്റ്റാഫ് റൂമിൽ വന്നിരിക്കുമ്പോൾ പ്യൂൺ വന്നു പറഞ്ഞു: "റ്റീച്ചറെ മാനേജർ വിളിച്ചിരുന്നു. ഉടനെ വീട്ടിലേക്കു ചെല്ലാൻ പറഞ്ഞു."

ഹെഡ്മിസ്ട്രസിനോടു പറഞ്ഞിട്ട് അവൾ പുറത്തേക്കിറങ്ങിയപ്പോൾ അശ്വതിറ്റീച്ചർ പിന്നാലെ പാഞ്ഞെത്തി.

"ഇന്ദു ഒന്നു നിന്നേ."

അവൾ തിരിഞ്ഞുനിന്നു.

"മാനേജർ ഒരു പ്രത്യേക സ്വഭാവക്കാരനാ. ഒന്നു സൂക്ഷിച്ചോണം. പെണ്ണുങ്ങൾ അയാൾക്കൊരു ബലഹീനതയാ. വീട്ടിലാരും ഇല്ലാത്ത സമയത്തായിരിക്കും വിളിപ്പിച്ചത്. നോക്കീം കണ്ടും നിന്നോണം. ക്ലാസുണ്ടെന്നു പറഞ്ഞു വേഗം പോരാൻ നോക്കണം. ഓരോ കഥകളുണ്ടാക്കാൻ ആളുകളിവിടെ നോക്കിയിരിക്കാ. വഴിയേ ഇന്ദുവിന് എല്ലാം മനസ്സിലായിക്കൊള്ളും. എന്തിനും പോന്ന ടീച്ചർമാരുമുണ്ട് ഇവിടെ."

ഇന്ദുവിന്റെ നെഞ്ചൊന്നു പിടഞ്ഞു. ഹൃദയമിടിപ്പു കൂടി. മാനേജരുടെ ബംഗ്ലാവിലേക്കു നടക്കുമ്പോൾ ഹൃദയം പെരുമ്പറകൊട്ടുകയായിരുന്നു.

അയാൾ തന്നോടു മോശമായി വല്ലതും പറയുമോ? വഴിവിട്ട ആഗ്രഹം വല്ലതും പ്രകടിപ്പിക്കുമോ? ആരുമില്ലാത്ത സമയത്താകുമോ വിളിപ്പിച്ചത്?

അയാൾക്ക് ദുർബുദ്ധിയൊന്നും തോന്നിപ്പിക്കരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടാണ് ഇന്ദു ബംഗ്ലാവിന്റെ ഗേറ്റ് കടന്ന് മുറ്റത്തേക്കു പ്രവേശിച്ചത്.

*(തുടരും)*

# മാർ അലക്സ് താരാമംഗലം അഭിഷിക്തനായി

മാനന്തവാടി: മാനന്തവാടി രൂപതയുടെ പ്രഥമ സഹായമെത്രാനായി മാർ അലക്സ് താരാമംഗലം അഭിഷിക്തനായി. ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന തിരുക്കർമങ്ങൾക്ക് തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി മുഖ്യകാർമികനായിരുന്നു. മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം, തമിഴ്നാട് ഹൊസൂർ ബിഷപ് മാർ സെബാസ്റ്റ്യൻ പോഴോലിപ്പറമ്പിൽ എന്നിവർ സഹകാർമികരായി. മെത്രാഭിഷേകശുശ്രൂഷയിൽ രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോലിക്കൽ ആർച്ചുഡീക്കനായിരുന്നു.



മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ വചനസന്ദേശം നൽകി. കത്തോലിക്കാപൗരോഹിത്യം തന്റെ തന്നെ ആത്മരക്ഷയ്ക്കു മാത്രമുള്ളതല്ലെന്നും പൊതുസമൂഹത്തിന്റെ മുഴുവൻ ആത്മീയ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ദൈവികദൗത്യമാണെന്നും വചനസന്ദേശത്തിൽ കാതോലിക്കാ ബാവ ഓർമിപ്പിച്ചു.

മെത്രാഭിഷേകത്തെത്തുടർന്നുള്ള അനുമോദനസമ്മേളനത്തിൽ സീറോ മലബാർ സഭ കാര്യാലയം വൈസ് ചാൻസലർ ഫാ. ഏബ്രാഹം കാവിൽപുരയിടത്തിൽ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അനുമോദന സന്ദേശം വായിച്ചു. കണ്ണൂർ ബിഷപ് ഡോ. അലക്സ് വടക്കുംതല, മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മോർ സ്തേഫാനോസ്, വൈദികപ്രതിനിധി ഫാ. ജോസഫ് മുതിരക്കാലായിൽ, സന്ന്യസ്തരുടെ പ്രതിനിധി ഫാ. വിൻസൻ ചെങ്ങിനിയത്ത് സിഎസ്ടി, പാസ്റ്ററൽ കൗൺസിൽ അംഗം ലിസി ജോസഫ് എന്നിവർ പ്രസംഗിച്ചു. വയനാട് എം.പി. രാഹുൽ ഗാന്ധിയുടെ അനുമോദനസന്ദേശവും വേദിയിൽ വായിച്ചു. തുടർന്ന് മാർ അലക്സ് താരാമംഗലം നടത്തിയ മറുപടി പ്രസംഗത്തിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.

1958 ഏപ്രിൽ നാലിന് പാലാ രൂപതയിലെ മൂഴൂരിലായിരുന്നു മാർ അലക്സ് താരാമംഗലത്തിന്റെ ജനനം. താരാമംഗലം പരേതരായ ലൂക്കും അന്നക്കുട്ടിയുമാണ് മാതാപിതാക്കൾ. 1966 ൽ കുടുംബം മലബാറിലേക്കു കുടിയേറി. ഇപ്പോൾ കണ്ണൂർ ജില്ലയിലെ പാത്തൻപാറയിലാണ് സഹോദരങ്ങളായ മാത്തുക്കുട്ടി, ജോയ് എന്നിവർ താമസിക്കുന്നത്.

മാർ അലക്സ് താരാമംഗലം തത്ത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയശേഷം 1995 മുതൽ 2016 വരെ വടവാതൂർ സെമിനാരിയിൽ പ്രഫസറായും വൈസ് റെക്ടറായും റെക്ടറായും സേവനമനുഷ്ഠിച്ചു. 2016 ൽ തലശേരിയിലേക്ക് തിരിച്ചെത്തിയ മാർ അലക്സ് താരാമംഗലം അതിരൂപതയുടെ സിഞ്ചെല്ലൂസായും പ്രോട്ടോ സിഞ്ചെല്ലൂസായും ശുശ്രൂഷ ചെയ്തു. തുടർന്ന് തലശേരി അതിരൂപതയിലെ മാടത്തിൽ ഇടവകയുടെ വികാരിയായി സേവനം ചെയ്യുമ്പോഴാണ് പുതിയ നിയമനം അദ്ദേഹത്തെ തേടിയെത്തിയത്.

# പ്രഥമ കേരളജ്യോതി പുരസ്കാരം എം.ടി.ക്ക്

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പ്രഥമ കേരള ജ്യോതി പുരസ്കാരം എം.ടി. വാസുദേവൻ നായർക്ക്. വിവിധ മേഖലകളിൽ സമൂഹത്തിനു നൽകിയ സമഗ്രസംഭാവനകൾക്കു നല്കുന്ന പദ്മപുരസ്കാരങ്ങളുടെ മാതൃകയിലാണ് പുരസ്കാരങ്ങൾ.



എം.ടി. വാസുദേവൻനായർ

കേരളപ്രഭ പുരസ്കാരത്തിന് ഓംചേരി എൻ.എൻ. പിള്ള (നാടകം, സാമൂഹികസേവനം, പബ്ലിക് സർവീസ്) ടി. മാധവമേനോൻ (സിവിൽ സർവീസ്, സാമൂഹിക സേവനം), മമ്മൂട്ടി (കല) എന്നിവരും അർഹരായി.

ഡോ. സത്യഭാമാദാസ് ബിജു (ശാസ്ത്രം), ഗോപിനാഥ് മുതുകാട് (സാമൂഹികസേവനം, കല), കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി (സാമൂഹികസേവനം, വ്യവസായം). എം.പി. പരമേശ്വരൻ (ശാസ്ത്രം, സാമൂഹികസേവനം) കാനായി കുഞ്ഞിരാമൻ(കല), വൈക്കം വിജയലക്ഷ്മി (കല) എന്നിവർ കേരളശ്രീ പുരസ്കാരത്തിന് അർഹരായി.

# മേരി ബനീഞ്ഞ സാഹിത്യ അവാർഡ് തേക്കിൻകാട് ജോസഫിന്


## ഫാ. ജസ്റ്റിൻ ഒ.സി.ഡി.ക്ക് വാനമ്പാടി അവാർഡ്

പാലാ: മേരി ബനീഞ്ഞ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഈ വർഷത്തെ മേരി ബനീഞ്ഞ സാഹിത്യ അവാർഡ് എഴുത്തുകാരൻ തേക്കിൻകാട് ജോസഫിന്. വാനമ്പാടി അവാർഡ് ഫാ. ജസ്റ്റിൻ അവണൂപ്പറമ്പിൽ ഒ.സി.ഡി.ക്കും നല്കും.



തേക്കിൻകാട് ജോസഫ്

ഡിസംബർ രണ്ടിന് പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ചേരുന്ന ബനീഞ്ഞ അനുസ്മരണസമ്മേളനത്തിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡ് സമ്മാനിക്കും.



ഫാ. ജസ്റ്റിൻ ഒ.സി.ഡി.


10,001 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. ദീപിക പത്രാധിപസമിതി അംഗമായിരുന്ന തേക്കിൻകാട് ജോസഫ് ഇപ്പോൾ കോട്ടയം പ്രസ്ക്ലബ് ജേർണലിസം സ്കൂൾ ഡയറക്ടറാണ്. 20 ലധികം കൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'സൂപ്പർ ബോയ് രാമു' പരമ്പരയ്ക്കു സംസ്ഥാന ബാലസാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്. കെസിബിസിയുടെ നോവൽ അവാർഡിനും തേക്കിൻകാട് ജോസഫ് അർഹനായിട്ടുണ്ട്.

ഒൻപതിലധികം ആധ്യാത്മികഗ്രന്ഥങ്ങളുടെ രചയിതാവാണ് ദൈവശാസ്ത്രത്തിൽ ഡോക്ടർബിരുദമുള്ള ഫാ. ജസ്റ്റിൻ.

# എഴുത്തച്ഛൻ പുരസ്കാരം സേതുവിന്

കോട്ടയം: കേരള സർക്കാരിന്റെ പരമോന്നത സാഹിത്യ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം മലയാളത്തിന്റെ പ്രിയങ്കരനായ നോവലിസ്റ്റും കഥാകൃത്തുമായ സേതുവിന്. മലയാള സാഹിത്യത്തിനു നൽകുന്ന സമഗ്രസംഭാവനകളെ മാനിച്ചുകൊണ്ട് എല്ലാ വർഷവും നൽകുന്ന പുരസ്കാരം അഞ്ചുലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമടങ്ങുന്നതാണ്. സാംസ്കാരികവകുപ്പുമന്ത്രി വി.എൻ. വാസവൻ കോട്ടയത്തു പുരസ്കാരപ്രഖ്യാപനം നടത്തി.


രണ്ടു ബാലസാഹിത്യകൃതികൾ ഉൾപ്പെടെ നാല്പതിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.



മലയാളകഥയിലും നോവലിലും സ്വന്തമായ ഇടം കണ്ടെത്തിയ മുതിർന്ന എഴുത്തുകാരനാണ് സേതു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാൻ, എസിബിറ്റി.യുടെ ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാൻ തുടങ്ങിയ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആലുവായിൽ കടുങ്ങല്ലൂരില്ലാണ് താമസം. പാണ്ഡവപുരം, കൈമുദ്രകൾ, അടയാളങ്ങൾ, കിരാതം, ആറാമത്തെ പെൺകുട്ടി, കിളിമൊഴികൾക്കപ്പുറം, മറുപിറവി തുടങ്ങിയവാണ് പ്രധാന നോവലുകൾ.

# നീന്തൽ: അലക്സ് മേനാംപറമ്പിലിന് സ്വർണത്തിളക്കം



കോട്ടയം: സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ മത്സരത്തിൽ പാലാ വെള്ളിയേപ്പള്ളി സ്വദേശി അലക്സ് മേനാംപറമ്പിലിനു സ്വർണത്തിളക്കം. 65 വയസ്സിനു മുകളിലുള്ള കാറ്റഗറിയിൽ അലക്സ് മേനാംപറമ്പിൽ മൂന്നു സ്വർണവും ഒരു വെള്ളിയും നേടി. 100, 50 മീറ്റർ ഫ്രീ സ്റ്റൈൽ, 50 മീറ്റർ ബാക്ക് സ്ട്രോക്ക് എന്നീ ഇനങ്ങളിലാണ് മത്സരിച്ചത്. കഴിഞ്ഞ വർഷത്തെ ദേശീയ മാസ്റ്റർ ഗെയിംസ് നീന്തൽ മത്സരത്തിൽ രണ്ടു സ്വർണവും ഒരു വെള്ളിയും നേടിയിരുന്നു. കോളജ് പഠനകാലത്ത് സ്ഥിരമായി നീന്തൽമത്സരങ്ങളിൽ പങ്കെടുത്തിരുന്ന അലക്സ് എസ്ബിഐയിൽ ജോലി ലഭിച്ചതിനെത്തുടർന്ന് നീന്തലിനോടു വിടപറഞ്ഞു.

പിന്നീട് 37 വർഷത്തെ സർവീസിൽനിന്നു വിരമിച്ചശേഷം 2015 – 16 വർഷങ്ങളിലാണ് നീന്തൽപരിശീലനം പുനരാരംഭിച്ചത്. 2016 മുതൽ മാസ്റ്റേഴ്സ് മത്സരങ്ങളിൽ പോയിത്തുടങ്ങി. ഭാര്യ അന്നമ്മ പെരുമാലിക്കും മൂന്നു മക്കൾക്കും അഞ്ചു പേരക്കുട്ടികൾക്കുമൊപ്പം സന്തോഷത്തോടെ കഴിയുന്നതാണ് തന്റെ ആരോഗ്യത്തിന്റെ രഹസ്യമെന്ന് അലക്സ് പറയുന്നു.




**നവംബർ 13**
**പള്ളിക്കൂദാശക്കാലം**
**മൂന്നാം ഞായർ**

ഉത്പ 29 : 15–30
പ്രഭാ 11 : 20–27
2 തെസ 3 : 6–15
മത്താ 25 : 14–30



ഡോ. ജോസഫ്
കരികുളം

# രക്ഷയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്നവർ

ഇഹലോക ജീവിതത്തിൽ ഉയർന്ന ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കുന്നതിനു കഠിനാധ്വാനം ആവശ്യമാണെന്നത് അംഗീകരിക്കപ്പെട്ട പൊതുനിയമമാണ്. ഈ ലോകജീവിതത്തിനു ശേഷം ദൈവമഹത്വത്തിലേക്കു പ്രവേശിക്കുന്നതിനും കഠിനാധ്വാനം തന്നെ ആവശ്യമാണെന്നു വി. ഗ്രന്ഥം പഠിപ്പിക്കുന്നു. ഭൗതികലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സമർപ്പണത്തോടെയുള്ളതും ഏകാഗ്രവുമാണ്. തങ്ങളാഗ്രഹിക്കുന്ന നേട്ടങ്ങളിലേക്കെത്താൻ സർവ അലസതയും മാറ്റിവച്ച് മനുഷ്യർ പരിശ്രമിക്കുന്നു. ഭൗതികമായ നേട്ടങ്ങൾ അത്രയധികം വിലപ്പെട്ടതാണെന്നു തിരിച്ചറിയുന്ന മനുഷ്യൻ തന്റെ ആത്യന്തികലക്ഷ്യമായ ദൈവമഹത്വം പ്രാപിക്കാൻ എത്രയധികം അധ്വാനിച്ചേ മതിയാവൂ! ഭൗതികലക്ഷ്യത്തിനപ്പുറം നിൽക്കുന്ന ആധ്യാത്മികപൂർണതയ്ക്കു നാം കൊടുക്കുന്ന വിലയും, അതിനായുള്ള പരിശ്രമവും അതിലേക്ക് ഒഴുകിയിറങ്ങുന്ന ദൈവകൃപയും കൂടിച്ചേരുമ്പോൾ മനുഷ്യന്റെ ഇഹലോകവാസം ഫലപ്രദമാകുകയും ദൈവമഹത്വത്തിന്റെ സന്തോഷാനുഭവത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യും.

യാക്കോബിന്റെ ചിരകാലാഭിലാഷമായ റാഹേലുമൊത്തുള്ള ജീവിതത്തിന്, അവൻ കൊടുക്കേണ്ടിവന്ന നീണ്ട പതിന്നാലു വർഷങ്ങളുടെ അധ്വാനത്തിന്റെ ചരിത്രമാണ് ഒന്നാം വായനയിൽ, കാണുന്നത് (ഉത്പ. 29:15-30). യാക്കോബിന് ലാബാന്റെ അടുത്തെത്താൻ വഴിതെളിക്കുന്നത് റാഹേലുമൊത്തുള്ള കൂടിക്കാഴ്ചയാണല്ലോ (ഉത്പ. 29:9-12). റാഹേലിനെ വിവാഹം കഴിക്കണമെന്ന യാക്കോബിന്റെ ആഗ്രഹത്തിന് ലാബാൻ കൂട്ടിയെടുത്ത ലാഭത്തിന്റെ വിലയാണ് ഏഴും ഏഴും പതിന്നാലു വർഷത്തെ അടിമയെപ്പോലുള്ള അധ്വാനജീവിതം. "അവളോടുള്ള സ്നേഹംമൂലം ആ വർഷങ്ങൾ ഏതാനും നാളുകളായേ അവനു തോന്നിയുള്ളൂ" (29:20). ഭൗതികനേട്ടങ്ങളിലേക്കുള്ള പ്രയാണത്തിൽ സമയവും വർഷങ്ങളും മനുഷ്യനു പ്രതിബന്ധങ്ങളേയല്ല. ഇഷ്ടപ്പെട്ട വ്യക്തിക്കൊപ്പം ജീവിക്കാൻ തന്റെ യൗവനത്തിലെ പതിന്നാലു വർഷം യാക്കോബ് അടിമപ്പണി ചെയ്യുന്നു. അങ്ങനെയെങ്കിൽ നമ്മുടെ ദൈവമഹത്വത്തിലേക്കുള്ള പ്രവേശനത്തിനായി ജീവിതകാലം മുഴുവൻ നാം അധ്വാനിച്ച് ഒരുങ്ങേണ്ടിവരില്ലേ!

ഒരാൾക്കു മറ്റൊരാളുമായി, മറ്റു സാഹചര്യങ്ങളുമായി പങ്കുവയ്ക്കാനുള്ളത് സമയം മാത്രമാണ്. നന്മ ചെയ്യണമെങ്കിലും തിന്മ ചെയ്യണമെങ്കിലും മാറ്റിവയ്ക്കപ്പെടുന്നതു സമയമാണ്. അതായത്, നമ്മുടെ ജീവിതമാകുന്ന സമയം നഷ്ടപ്പെടുത്തിയാണു നന്മയും തിന്മയും നാം ചെയ്യുന്നത്. അങ്ങനെയെങ്കിൽ ജീവിതത്തെ പ്രശോഭിതമാക്കുന്ന നന്മകൾ ചെയ്തു സമയത്തിന് അനന്യത കൊടുക്കുന്നതല്ലേ നല്ലത്? നമ്മുടെ ജീവിതത്തിന്റെ ഏതു കാര്യം നിർവഹിക്കുമ്പോഴും, മറ്റുള്ളവർക്കുവേണ്ടി ഉപകാരപ്രദമായ കാര്യങ്ങൾ നിർവഹിക്കുമ്പോഴും സമയത്തെ നാം നന്നായി ഉപയോഗിക്കുന്നു. അലസരായി ഒന്നും ചെയ്യാതിരിക്കുമ്പോഴും പ്രതിലോമകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും സമയം നഷ്ടമാകുന്നു. സമയമാകട്ടെ ജീവിതംതന്നെയാണ്. തിരിച്ചുപിടിക്കാനാവാത്ത ജീവിതാനുഭവങ്ങളുടെ ആകത്തുകയാണ് ജീവിതകാലം എന്നു പറയുന്നത്. ഉത്കൃഷ്ടമായ ചിന്തകളും ആശയങ്ങളും വച്ചുപുലർത്തി സമയത്തെ ഉപകാരപ്രദമായി ചെലവഴിക്കുമ്പോഴാണ് ജീവിതം ആദരിക്കപ്പെടുന്നത്.

യാക്കോബിന്റെ പതിന്നാലു വർഷത്തിന്റെ വിലയാണ് റാഹേൽ. വ്യക്തിപരമായി, ഉത്കൃഷ്ടമായ കാര്യമായി യാക്കോബ് കരുതിയതുകൊണ്ടാണ് ഇത്രയും വർഷങ്ങൾ മറ്റൊരാൾക്കുവേണ്ടി അധ്വാനിക്കാൻ യാക്കോബ് തയ്യാറായത്. ഇതുപോലെ കർത്തവ്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടുള്ള ഉത്തമമായ ജീവിതത്തെക്കുറിച്ചാണ് പ്രഭാഷകനും സംസാരിക്കുന്നത് (പ്രഭാ. 11:20-27). തനിക്കു സ്വന്തമായി യാക്കോബു കരുതിയ പതിന്നാലു വർഷങ്ങളാണ് റാഹേലിനുവേണ്ടി യാക്കോബു നൽകുന്നത്. ഇതിൽനിന്ന് അല്പം വ്യത്യസ്തമായി ദൈവത്തിലാശ്രയിച്ചുള്ള അധ്വാനത്തെക്കുറിച്ചാണ് പ്രഭാഷകൻ സൂചിപ്പിക്കുന്നത്. "കർത്താവിൽ ശരണം വച്ചുകൊണ്ട് നിന്റെ ജോലികൾ ചെയ്യുക... കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തനു സമ്മാനം" (11:21,22). ലാബാന്റെ അടുത്തായിരുന്നപ്പോൾ സ്വന്തം കഴിവിൽ ആശ്രയിച്ചിരുന്ന യാക്കോബ് പിന്നീടു ദൈവത്തെ തിരിച്ചറിഞ്ഞ് ജീവിക്കുന്നതിലേക്ക് (ഉത്പ. 32:22-32) ശ്രദ്ധിക്കുമ്പോൾ അവനുണ്ടാകുന്ന അഭിവൃദ്ധിക്ക് അടിമജീവിതത്തിന്റെ പരിമിതികളില്ല.

"ഐശ്വര്യത്തിൽ കഷ്ടത വിസ്മരിക്കപ്പെടുന്നു; കഷ്ടതയിൽ ഐശ്വര്യവും" (11:25). യാക്കോബിന്റെ ജീവിതത്തിലെ പതിന്നാലു വർഷങ്ങളെ മനസ്സിലാക്കാനുള്ള സൂത്രവാക്യമാണിത്. കടന്നുപോയ ഏഴു വർഷത്തെ കഷ്ടതകളെ മുഴുവൻ നിഷ്പ്രഭമാക്കി ഐശ്വര്യത്തിന്റെ തിലകമണിയിക്കുന്ന രാത്രിയാണ് യാക്കോബിനെ സംബന്ധിച്ചിടത്തോളം റാഹേലുമായുള്ള വിവാഹരാത്രി. എന്നാൽ, തനിക്കു നൽകപ്പെട്ടത് ലെയായെയാണെന്നു തിരിച്ചറിയുന്ന യാക്കോബിന് ഐശ്വര്യത്തിന്റെ സന്തോഷം ഒറ്റരാത്രി മാത്രം ദൈർഘ്യമുള്ളതായി മാറുന്നു. കഷ്ടതയുടെ ഏഴു വർഷക്കാലംകൂടി അവനു തിരഞ്ഞെടുക്കേണ്ടിവരുന്നു. യാക്കോബിന്റെ ജീവിതത്തിലെ മാറിമാറി വരുന്ന ഐശ്വര്യകഷ്ടതകൾ മാറി സ്ഥായിയായ ഐശ്വര്യത്തിലേക്ക് അവൻ പ്രവേശിക്കുന്നത് ദൈവവുമായുള്ള ബന്ധം യാക്കോബ് ദൃഢമാക്കുമ്പോഴാണ്. താൻ വഞ്ചിച്ച സഹോദരനുമായി രമ്യതയിലെത്തുകയും ഐശ്വര്യം സുദൃഢമാകുകയും ചെയ്യുന്നത് കർത്താവിന്റെകൂടെ യാക്കോബ് ആയിരിക്കുമ്പോഴാണ്. യാക്കോബ് ഇസ്രായേലാകുന്നു.

സഭ സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനത്തിന്റെ ഒരുക്കത്തിലാണ്. സഭയിലായിരിക്കുന്നവർ അതിനായി നന്നായി അധ്വാനിക്കണം. ദൈവമഹത്വത്തിലേക്കു പ്രവേശിക്കാനുള്ള അനുഗ്രഹം നമുക്കു നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ആ അനുഗ്രഹങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിക്കാതിരുന്നാൽ നിത്യജീവനിലേക്കു നാം പ്രവേശിക്കുകയില്ലെന്ന് താലന്തുകളുടെ ഉപമയിലൂടെ (മത്താ. 25:14-30) ഈശോ നമ്മെ ഓർമിപ്പിക്കുന്നു.

ഓരോരുത്തരുടെയും കഴിവനുസരിച്ച് വിവിധ എണ്ണം താലന്തുകൾ ലഭിക്കുന്നു (25:15). പക്ഷേ, താലന്തുകൾ വർധിപ്പിച്ചാൽ, അവയുടെ വർധനയുടെ തോതു കണക്കാക്കാതെതന്നെ, ഒരേ പ്രതിഫലമാണു ലഭിക്കുന്നത്; 'യജമാനന്റെ സന്തോഷത്തിലേക്കുള്ള പ്രവേശനം!' (25:21-23). താലന്തുകളുടെ ഉപമകൊണ്ടുദ്ദേശിക്കുന്നത് ദൈവരാജ്യപ്രവേശനത്തിന്റെ ഓർമയാണെന്നും, അതു യജമാനന്റെ സന്തോഷത്തിലേക്കുള്ള പ്രവേശനമാണെന്നും നാമോർക്കണം.

രണ്ടു കാര്യങ്ങൾ ഇവിടെ വ്യക്തമാകുന്നുണ്ട്.

1. സ്വർഗരാജ്യം ഐശ്വര്യത്തിന്റെ പ്രഖ്യാപനവും കഷ്ടതകളുടെ അവസാനവുമാണ്. ഐശ്വര്യമെന്നത് ഭൗതികമായ നേട്ടങ്ങളും കഷ്ടതകൾ ഈലോകത്തിന്റെ സഹനവുമാണെന്ന ഇടുങ്ങിയ ചിന്ത നമുക്കുണ്ടാകരുത്. ഐശ്വര്യമെന്നാൽ, പ്രഭാഷകൻ പറയുന്ന, യാക്കോബ് അനുഭവിച്ച ദൈവമഹത്വത്തിന്റെ ആഘോഷമാണ്; കഷ്ടതകൾ ഈ ഐശ്വര്യത്തിലേക്കെത്താൻ നാം കൊടുക്കേണ്ട വിലയും. ഈ ഐശ്വര്യകാലം യഥാർഥത്തിൽ നിറവേറപ്പെടുന്നത് ഈശോമിശിഹായിലാണ്. "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയ പ്രകാശം കണ്ടു" (മത്താ. 4:16).

2. സ്വർഗരാജ്യം സന്തോഷകരമായ ദൈവാനുഭവമാണ്. "യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക" (മത്താ. 25:21). സൃഷ്ടിയെ തന്റെ മഹത്വത്തിന്റെ സന്തോഷത്തിലേക്കു വിളിക്കുന്ന സ്രഷ്ടാവിന്റെ ഉദാരമനസ്കതയ്ക്കു നമുക്കു നന്ദി പറയാം. ഈശോമിശിഹായുടെ ജനനത്തിലാണ് സന്തോഷത്തിന്റെ ഈ യാഥാർഥ്യം ലോകത്തിനുമുമ്പിൽ അനാവരണം ചെയ്യപ്പെടുന്നത്. "ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ട, ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ. 2:10).

അലസരാകാതെ ഭൗതികജീവിതത്തിനും നിത്യജീവനുംവേണ്ടി അധ്വാനിക്കാൻ പൗലോസ് ശ്ലീഹാ തെസലോനിക്കായിലെ സഭയോടാവശ്യപ്പെടുന്നു (2 തെസ 3:6-15). ദൈവവചനപ്രഘോഷണം നിരന്തരം നടത്തിയിരുന്നപ്പോഴും ഭക്ഷണത്തിനായി അധ്വാനിക്കുന്ന 'അനുകരണാർഹമായ മാതൃക' (3:9) പൗലോസിനുണ്ടായിരുന്നു.

ഇതിലൂടെ പൗലോസ് നൽകുന്ന സന്ദേശങ്ങൾ രണ്ടാണ്:

1. ശാരീരികാധ്വാനം ആത്മീയമായ ലക്ഷ്യങ്ങൾ നേടാൻ സഹായകമാണ്. പ്രാർഥനയും അധ്വാനവും (Ora et labora- prayer and work) എന്ന ബെനഡിക്ടൈൻ ആദർശം ഇതിനോടു വളരെയധികം ചേർന്നിരിക്കുന്നു. ശാരീരികമായ അധ്വാനം, ഭക്ഷണത്തിനുവേണ്ടി സമ്പാദിക്കാൻ സഹായിക്കുന്നതോടൊപ്പം, വളരെ ഊർജസ്വലതയോടെ ഭൗതികജീവിതത്തിനപ്പുറം നിൽക്കുന്ന ആത്മീയകാര്യങ്ങളിലേക്കു ശ്രദ്ധയാകർഷിക്കാനും സഹായിക്കും.

2. ശാരീരികാധ്വാനത്തിന്റെ ഫലങ്ങൾ, അതു ഭക്ഷണസാധനങ്ങളായാലും മറ്റു നേട്ടങ്ങളായാലും പ്രകൃതിയിൽ നിരന്തരമായി ഇടപെടുന്ന സ്രഷ്ടാവായ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളങ്ങൾകൂടിയാണ്. അതിനാൽ, ദൈവാനുഗ്രഹത്തിന്റെ ഈ ഫലങ്ങൾ മനുഷ്യന്റെ ഭൗതികാവശ്യങ്ങൾക്കും ആത്മീയമായ ഉണർവിനും കാരണമാകുന്നു.

ഒരേസമയം ഭൗതികവും ആധ്യാത്മികവുമായ തലത്തിൽ പ്രവർത്തിക്കുന്ന സഭയാകട്ടെ, തന്റെ മക്കൾക്ക് അധ്വാനിക്കുന്നതിനുള്ള വേദികൂടിയാണ്. സഭയിൽ വ്യാപരിക്കുന്ന ദൈവാത്മാവിന്റെ ശക്തി എല്ലാ നേട്ടങ്ങൾക്കും നിദാനമായി നമ്മിൽ നിറയുന്നു. നമുക്കും അധ്വാനിക്കാം, ഭൗതികമായ നേട്ടങ്ങളാൽ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ; ആത്യന്തികമായ ആത്മീയരക്ഷയാൽ 'യജമാനന്റെ സന്തോഷത്തിലേക്ക്' നാം പ്രവേശിക്കുമാറാകട്ടെ!

■



**ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.
(ഈ പ്രാർഥന 9 പ്രാവശ്യം ചൊല്ലുക.)

**ലില്ലി ജോസ്**
**വട്ടക്കുന്നേൽ, ഉഴവൂർ**

# ഹരിതകേരളത്തെ ചോരക്കളമാക്കുന്നവർ

(1-ാം പേജ് തുടർച്ച)

അത് വെറും ഭ്രാന്തമായ, സ്വന്തമാകാതെവരുമ്പോൾ അക്രമാസക്തമാകുന്ന വികാരമല്ല. പ്രിയപ്പെട്ടവനെ ചതിച്ചുകൊല്ലുന്ന വഞ്ചനയുമല്ല. ആത്മാർത്ഥപ്രണയം ത്യാഗമാണ്, നിരുപാധികമായ ഒരു പാരസ്പര്യമാണ്. സ്വാർത്ഥതയിലേക്ക് അത് കടന്നുചെല്ലില്ല. ആത്മാർത്ഥപ്രണയത്തിൽ ത്യാഗം ഉൾച്ചേരുന്നു, അവിടെ സംഹാരത്തിനു സ്ഥാനമില്ല.

കാലത്തിന്റെ കുത്തൊഴുക്കിൽ പ്രണയം മാത്രമല്ല, ജീവിതവും ഏറെ മാറിയിരിക്കുന്നു. പ്രണയത്തിന്റെ രൂപഭാവങ്ങളും കാഴ്ചപ്പാടുകളും മാറി. പ്രണയം സംഹാരമായി മാറുന്ന കാഴ്ചയാണ് ഇന്ന് നമ്മുടെ ചുറ്റിലും.

പ്രണയത്തിൽ മാത്രമല്ല ഈ മാറ്റമുള്ളത്, മലയാളിയുടെ മനസ്സുതന്നെ ആകെ മാറിയിരിക്കുന്നു. മുമ്പൊക്കെ ആർദ്രഹൃദയരായിരുന്നവരിലേക്കു സ്വാർത്ഥതയുടെയും ചതിയുടെയും വിഷവിത്തുകൾ വീണിരിക്കുന്നു. പ്രണയനിരാസത്തെത്തുടർന്നുള്ള പകതീർക്കലും ആഭിചാരക്കൊലപാതകങ്ങളും മറ്റു ക്രിമിനൽ കുറ്റങ്ങളും എല്ലാംകൂടി ദുരന്തവാർത്തകളായി പെയ്തുനിറയുകയാണ്, നമ്മുടെ സമൂഹത്തിലേക്ക്. ഇതൊക്കെ കണ്ടും കേട്ടും മനസ്സു മരവിച്ച സമൂഹമായി മലയാളികൾ മാറിയിരിക്കുന്നു. ഇന്നത്തെ സമൂഹത്തിന്റെ മാനസികനിലയിൽത്തന്നെ കാര്യമായ തകരാറു സംഭവിച്ചിരിക്കുന്നുവെന്നു കരുതണം. അതുകൊണ്ടാണല്ലോ ഇത്രയും ക്രൂരമായി, നിർദയമായി പ്രണയം നടിച്ചു കൊന്നുകളയാൻ, മറ്റൊരുവിധത്തിൽ പറഞ്ഞാൽ ചിരിച്ചുകൊണ്ടു കഴുത്തറുക്കാൻ കഴിയുന്നത്.

രണ്ടു പേർ തമ്മിൽ പരസ്പരം ഇഷ്ടത്തിലെങ്കിലും ഒരു ഘട്ടത്തിൽ പ്രണയത്തിൽനിന്നു ഒരാൾ പിന്മാറുന്നുവെങ്കിൽ മറ്റേയാളുടെ പ്രണയം തള്ളിക്കളയപ്പെടുകയാണ്. പരസ്പരം മനസ്സിലാക്കി പിൻമാറുന്ന പ്രണയം, വീണ്ടും സൗഹൃദമായി തുടരാൻ സാധിക്കുംവിധം തിരിച്ചറിവിന്റേതാവണം. ഒരാൾ പിന്മാറിയാൽ മറ്റേയാൾ പ്രതികാരം തീർക്കുന്നതാവരുത് അത്. ഒന്നോർക്കുക, ഏതൊരാൾക്കും ആരെയും ഇഷ്ടപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുപോലെതന്നെ അതു നിരസിക്കാനുള്ള സ്വാതന്ത്ര്യവും. ഇഷ്ടമായതിനെ മറ്റൊരാൾ സ്വന്തമാക്കാൻ അനുവദിക്കാതെ എന്നേക്കുമായി തീർത്തുകളയുകയെന്നത് ക്രൂരമാണ്, ഇനി അത്തരം പൈശാചിക ചെയ്തികൾ ആവർത്തിക്കപ്പെടാതിരിക്കട്ടെ.

■

# സമൂഹമനഃസാക്ഷിയുടെ ഇടയശബ്ദം

(1-ാം പേജ് തുടർച്ച)

കുട്ടികളുമായി ബന്ധപ്പെടുന്നവർ അവരുടെ നന്മയ്ക്കായി കാംക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതും കുറ്റകരമാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെടുന്നു.

'എന്റെ മക്കൾ സുരക്ഷിതരാണ്. അങ്ങനെയാണ് ഞാൻ അവരെ വളർത്തിയത്' - ഇങ്ങനെ കരുതി ഇനി ഒരു രക്ഷിതാവും സ്വയം വിഡ്ഢിയാകരുത്. മയക്കുമരുന്നിന്റെ കെണിയിൽ ആരും പെട്ടുപോകാം; എത്ര ധാർമികചുറ്റുപാടിൽ വളരുന്ന കുട്ടിയാണെങ്കിലും. അത്രമേൽ ആസൂത്രിതമായ രീതിയിലാണ് മയക്കുമരുന്നുകണ്ണികൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നത്. പുറത്തുവരുന്ന വാർത്തകളും റിപ്പോർട്ടുകളും ഞെട്ടിക്കുന്നതാണ്. വീടിനു പുറത്തിറങ്ങിയാൽ, മയക്കുമരുന്നിന്റെ ചതിക്കുഴികളില്ലാത്ത ഇടങ്ങൾ വളരെക്കുറവ്. സ്കൂളുകൾ, കോളജുകൾ, ഹോസ്റ്റലുകൾ, തൊഴിലിടങ്ങൾ, കളിസ്ഥലങ്ങൾ, കവലകൾ... തിരിച്ചറിയാൻ കഴിയാത്തവിധം ആ ചതിക്കുഴികൾ വ്യാപകമാണ്. മതകലാലയങ്ങൾപോലും അതിൽനിന്നു മുക്തമല്ല.

മയക്കുമരുന്നുവ്യാപനം ചെറുക്കുന്നതിന് പല ഘടകങ്ങളും തടസ്സം നിൽക്കുന്നു. മക്കളുടെമേലുള്ള രക്ഷിതാക്കളുടെ അമിതവിശ്വാസമാണ് അതിലൊന്ന്. മകൻ ലഹരി ഉപയോഗിക്കുന്നത് കണ്ടു എന്ന് ആരെങ്കിലും അറിയിച്ചാൽ അംഗീകരിക്കാൻ രക്ഷിതാക്കൾ സന്നദ്ധരാകുന്നില്ല. മാത്രമല്ല, വിവരം നൽകിയ വ്യക്തിക്കാകും കുറ്റവും ആക്ഷേപവും. മകൻ മയക്കുമരുന്നിനടിമയായി എന്നു ബോധ്യപ്പെട്ടാലും ചില രക്ഷിതാക്കൾ പരിഹാരമാർഗങ്ങൾ അന്വേഷിക്കാറില്ല. കുടുംബത്തിന്റെ അഭിമാനബോധമാണ് കാരണം. അഭിമാനപ്രശ്നമാണോ കുട്ടിയുടെ ഭാവിയാണോ പ്രധാനം? സാമൂഹികതിന്മകൾക്കെതിരേ പോരാടാനുള്ള കുലീനത്വം സമൂഹം പ്രകടമാക്കണം. നമ്മുടെ മക്കൾ ലഹരിക്കടിമകളാകുമ്പോൾ നമ്മുടെ സമൂഹം കരിന്തിരി കത്തുകയാണെന്നും ഈ അപകടനിലയെ തരണം ചെയ്യാൻ എല്ലാവരും ഒത്തൊരുമിച്ചു പ്രയത്നിക്കണമെന്നും ലഹരിവിരുദ്ധസംസ്കാരം വളർത്തണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് ഓർമപ്പെടുത്തുന്നു. ലഹരിമാഫിയയ്ക്കെതിരേ ഉണർന്നുപ്രവർത്തിക്കുന്നതിന് പാലാ രൂപതയിൽ നവംബർ മാസത്തിൽത്തന്നെ രൂപത, ഫൊറോന, ഇടവകതലങ്ങളിൽ ജാഗ്രതാസമിതികൾ രൂപവത്കരിക്കാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഇടയലേഖന (നമ്പർ 69) ത്തിലൂടെ നിർദ്ദേശം നൽകിക്കഴിഞ്ഞു.

**ലഹരിക്കെതിരേ സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ്**

സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ രൂപതകളിലും സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ സമ്മേളനങ്ങളും കർമപദ്ധതികളും നടപ്പാക്കുകയാണ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ ഭാവിപദ്ധതി. ലഹരിയുടെ വ്യാപനം തടയുക, ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കു പിന്തുണ നൽകുക, ലഹരിവിരുദ്ധസമൂഹം നിർമിക്കുക തുടങ്ങിയ മഹനീയദർശനങ്ങളോടെ സഭയിലെ മുഴുവൻ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ മാർ ജോസഫ് കല്ലറങ്ങാട്ട് ലഹരിമരുന്നുകൾക്കെതിരേയുള്ള തന്റെ പോരാട്ടം തുടരുകയാണ്.

■

ഈശോ 32

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**താ**ൻ തിരഞ്ഞെടുത്തവരാൽത്തന്നെ തിരസ്കൃതനായി അവൻ നിന്നു. പ്രാണനു തുല്യം താൻ കരുതിയവർ തങ്ങളുടെ പ്രാണനുംകൊണ്ട് ഉടുതുണിപോലും ഉപേക്ഷിച്ചു പറപറന്നു. ഒപ്പമുണ്ടായിരുന്നവർ ഓടിപ്പോയി. എല്ലാം ഉപേക്ഷിച്ചുവന്നവർ ഉപേക്ഷിച്ചവയെക്കുറിച്ചൊക്കെ ഒരുവട്ടം ഓർത്തുപോയി. അവയിലേക്കൊക്കെയാണ് അവർ തിരിഞ്ഞോടിയതും. വിട്ടുപിടിച്ച പവിഴങ്ങളെ വീണ്ടും പിടിക്കാനുള്ള വ്യഗ്രതയിൽ ഗുരുവെന്ന പുറ്റിനെ അവർ വിസ്മരിച്ചു. ചുറ്റിലും ശത്രുക്കൾ മാത്രം. ചിലർക്കായി മിഴികൾ തിരഞ്ഞെന്നില്ല. എന്നാൽ, ഒന്നിനും മുതിർന്നില്ല. പരിത്യജിച്ചവർക്കുനേരേ പല്ലിറുമ്മിയില്ല. പുച്ഛവാക്കുകൾ പുലമ്പിയില്ല. ജീവിതത്തിൽ പല കാരണങ്ങളാൽ ചിലരെയെങ്കിലും നാമും ഒറ്റപ്പെടുത്തിയിട്ടുണ്ടാവാം. തന്നെ തിരസ്കരിച്ചവരെയൊക്കെ ചങ്കോടുചേർക്കാൻ കുരിശിൽ കൈകൾ കഴിയുന്നത്ര വിരിച്ചവന്റെ അനുയായികളായ നമുക്കു തിരസ്കരണത്തിന്റെ സംസ്കാരം തെല്ലും ചേർന്നതല്ല. കുട്ടിക്കളിയല്ല, കൂടെ നില്ക്കാനുള്ളതാണ് ഓരോ വ്യക്തിബന്ധവും. മറ്റുള്ളവരുടെ ആവശ്യങ്ങളിൽനിന്നുള്ള അകന്നുപോകൽ സ്വന്തം കടമകളിൽനിന്നുള്ള കടന്നുകളയലാണ്.

തിരസ്കരണത്തിന്റെ രണ്ടാം ഭാഗമെന്നവണ്ണം



ഗുരുവിനെക്കുറിച്ചുള്ള യഥാർത്ഥ അറിവിന്റെ പേരിൽ അവനിൽനിന്ന് അഭിനന്ദനവും അംഗീകാരവും നേടിയ ശിഷ്യമുഖ്യനുപോലും അവനെ അറിയില്ലെന്ന് ഒരു പെണ്ണിനെ പേടിച്ചു പറയേണ്ടിവന്നു. ഒന്നാമനായിരുന്നവൻ ഒരുവേള ഒന്നുമല്ലാതായിപ്പോയി. അവന്റെ അസ്തിത്വം മരവിച്ചു. തണുപ്പകറ്റാൻ അവനു തീക്കൊള്ളികൾ തേടേണ്ടതായി വന്നു. ആനുകൂല്യങ്ങൾ, പരിഗണനകൾ, നേട്ടങ്ങൾ എന്നിവയ്ക്കായി വിശ്വാസത്തെത്തന്നെ തള്ളിപ്പറഞ്ഞ, ക്രിസ്ത്യാനിയെന്ന വ്യക്തിത്വത്തെ മറച്ചുവച്ച, സുരക്ഷയ്ക്കുവേണ്ടി സത്യത്തെ പൂഴ്ത്തിവച്ച സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ പൊറുതിയപേക്ഷിക്കാം. ഏതു സാഹചര്യത്തിലും കർത്താവിനോടും കത്തോലിക്കാസഭയോടും ചേർന്നു നില്ക്കാൻ ശ്രദ്ധിക്കാം. ശിഷ്യത്വത്തിന്റെ വഴിയേ നിർഭയം നീങ്ങാനുള്ള വരത്തിനായി നന്നായി പ്രാർത്ഥിക്കാം.

## തിരസ്കരണം

ങ്കിലും, തിരിഞ്ഞുനോക്കിയിടത്തൊന്നും ആരെയും കാണാനായില്ല. കൂട്ടിനുണ്ടാവുമെന്നു കരുതിയവരൊക്കെ കൂരിരുട്ടിന്റെ കുടമറയ്ക്കുള്ളിൽ പരിഭ്രാന്തിപൂണ്ടു പതുങ്ങിയിരുന്നു. കരംപിടിച്ചു നിന്നവർ കുതറിയോടി; നിഴലായി മേവിയവർ പൊടുന്നനേ മാഞ്ഞുപോയി. അവരുടെ ആദ്യസ്നേഹം തണുത്തു. എന്നിട്ടും, അവർ നിവർന്നുതന്നെ നിന്നു. അവന്റെ നിലപാടുകൾ ദൃഢവും വഴി നേരെയുള്ളതും ലക്ഷ്യം വ്യക്തവുമായിരുന്നു.

ഉറ്റവരാൽ ഒറ്റപ്പെട്ട, വൈരികളാൽ വളയപ്പെട്ട ആ അവസ്ഥയിൽനിന്നു വേണമെങ്കിൽ അവനു വഴുതിമാറിപ്പോകാമായിരുന്നു. നിസ്സഹായതയുടെ നടുവിൽ അവന് ഏത് ഇന്ദ്രജാലവും കാട്ടി രക്ഷപ്പെടാമായിരുന്നു. വഴിയായി വന്നവനു മുന്നിൽ ഒരു വഴിപോലും അടഞ്ഞുകിടന്നിരു

■

## ടൂറിസം

# സഞ്ചാരികളെ മാടിവിളിക്കുന്ന കരകൗശലവസ്തുക്കൾ





**ഹണി സുധീർ**

ടൂറിസം വികസനത്തിന്റെ ഭാഗമായി നമ്മുടെ പൈതൃകസ്വത്തായ നാടൻ കരകൗശലവിദ്യകളെ തേച്ചുമിനുക്കിയെടുക്കാം. പരമ്പരാഗതകൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇത്തരം കരകൗശലവസ്തുക്കളുടെ പ്രദർശനവും വില്പനയും നടത്തുന്നതിലൂടെ വരുമാനവും ഉണ്ടാക്കിയെടുക്കാം.

പലതരത്തിലുള്ള കരകൗശലവസ്തുക്കളുണ്ട്. പാഴ്‌വസ്തുക്കളിൽനിന്നുപോലും മനോഹരമായ അനേകം വസ്തുക്കൾ സൃഷ്ടിക്കുന്നവരുണ്ട്. അവരെല്ലാം നേരിടുന്ന പ്രധാന വെല്ലുവിളി വിപണനമാണ്. അവിടെയാണ് ടൂറിസംസാധ്യത ഉപയോഗപ്പെടുത്തി അവസരങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടത്.

മണ്ണുകൊണ്ടുള്ള വിഗ്രഹങ്ങൾ, രൂപങ്ങൾ തുടങ്ങിയവയും കരകൗശലവിഭാഗത്തിൽപ്പെടും. തടികൊണ്ടും വേരുകൊണ്ടുമുള്ള കലാരൂപങ്ങൾ, ചകിരി – കയർ ഉത്പന്നങ്ങൾ, ചവിട്ടികൾ, ചൂടി, ചിരട്ടകൊണ്ടുള്ള വസ്തുക്കൾ തുടങ്ങിയവയെല്ലാം വിവിധ കരകൗശലവസ്തുക്കളാണ്. കരിങ്കല്ലിൽനിന്നും ചെങ്കല്ലിൽനിന്നുമൊക്കെ വിഗ്രഹങ്ങൾ, വിളക്കുകൾ, കൽച്ചട്ടികൾ തുടങ്ങിയവ നിർമിക്കുന്നു.

പ്ലാസ്റ്റർ ഓഫ് പാരീസുകൊണ്ടും പല തരത്തിലുള്ള കരകൗശലവസ്തുക്കൾ നിർമ്മിക്കാറുണ്ട്. അതുപോലെതന്നെ പേപ്പർപൊടി, ചോക്കുപൊടി, ജിപ്സം മുതലായവയും പല തരത്തിലുള്ള ശില്പനിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഇവ ഉപയോഗിച്ചുണ്ടാക്കുന്ന ശില്പങ്ങൾ കൂടുതൽ ഉറപ്പുള്ളവയാണ്. അതിനാൽ ആവശ്യക്കാരും ഏറെ.

തുകൽകൊണ്ട് സഞ്ചികൾ, വാദ്യോപകരണങ്ങൾ എന്നിവയുണ്ടാക്കുന്നു. ചെമ്മരിയാടിന്റെ രോമം കമ്പിളിപ്പുതപ്പ് നിർമിക്കുന്നതിനും മാനിന്റെ തോല് ചെണ്ടയുണ്ടാക്കാനും ഉപയോഗിക്കുന്നു. പുലിത്തോൽ വളരെ വിലയേറിയതാണ്. ഇത് പലതരം തുകലുത്പന്നങ്ങളുടെ നിർമിതിയിൽ ഉപയോഗിക്കുന്നു.

പണ്ടുകാലത്ത് പാളപ്പാത്രങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നു. കവുങ്ങിന്റെ പാള ഉപയോഗിച്ചാണ് ഈ പാത്രങ്ങൾ നിർമിക്കുന്നത്. കൊത്തുപാള പാത്രമാക്കി അതിൽ കഞ്ഞികുടിച്ചിരുന്നു. പരിസ്ഥിതിസൗഹൃദമായ ഇത്തരം പാത്രങ്ങൾ ധാരാളമായി വിപണിയിൽ എത്തുന്നുണ്ട്. ചെറുകിടവ്യവസായമായും ഇത്തരം സംരംഭങ്ങൾ നമുക്കു വികസിപ്പിക്കാവുന്നതാണ്.

**കൊട്ട, മുറം**

മലമ്പ്രദേശത്തുള്ളവരാണ് ഈ മേഖലയിൽ കൂടുതൽ ഏർപ്പെട്ടിരിക്കുന്നത്. കാരണം കാട്ടിലും മലകളിലുംനിന്നാണ് ഇവ നിർമ്മിക്കാനാവശ്യമായ ഓടൽ ശേഖരിക്കുന്നത്. മൂത്ത ഓടലാണ് ഇതിന് ഉപയോഗിക്കുന്നത്. ഈറ്റ എന്ന പേരിലും ഇത് അറിയപ്പെടുന്നു.

മൂത്ത ഓടലുകൾ ഉണക്കിയശേഷം ചീളുകളാക്കുന്നു. ഈ ചീളുകളും ഉണക്കിയശേഷം മാത്രമാണ് വസ്തുക്കൾ നിർമിക്കാൻ ഉപയോഗിക്കുന്നത്. ഇതിന്റെ നിർമ്മാണത്തിലെ പ്രധാന ആയുധം കത്തിയാണ്.



**ചൂരൽ**

ഇതൊരു വൻകിടവ്യവസായമാണ്. ചൂരൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഫർണിച്ചറുകളാണ് കൂടുതലായി നിർമിക്കുന്നത്. നാട്ടിൻപുറങ്ങളിൽ ഇപ്പോൾ ചൂരലുകൾ കിട്ടാതായി. ആസ്സാം, ആൻഡമാൻ, മലേഷ്യ എന്നിവിടങ്ങളിൽനിന്നാണ് ഇപ്പോൾ ചൂരൽ ഇറക്കുമതി ചെയ്യുന്നത്.

**നെയ്ത്ത്**

പായ നെയ്യുന്നതും തുണി നെയ്യുന്നതും എല്ലാം നെയ്ത്ത് എന്ന വിഭാഗത്തിൽപ്പെടുന്നു. അന്യം നിന്നുകൊണ്ടിരിക്കുന്ന ആ തൊഴിൽ കലാരൂപമായും കരകൗശലവ്യവസായമായും വളർത്തിയെടുക്കാവുന്നതാണ്.

നമ്മുടെ നാടിന്റെ സാംസ്കാരികപൈതൃകം നിലനിറുത്തുന്ന ഇത്തരം കരകൗശലവസ്തുക്കളെ പുതുതലമുറയ്ക്കും പരിചയപെടുത്താനും അതിലൂടെ നിരവധി തൊഴിലവസരങ്ങൾ നൽകാനും ടൂറിസംമേഖലയ്ക്കു കഴിയും. വിനോദസഞ്ചാരവികസനത്തിനു പ്രോത്സാഹനം കൊടുക്കുന്ന സർക്കാർ ഏജൻസികൾ ഇവയുടെ വികസനത്തിനു ശ്രദ്ധ കൊടുത്താൽ നാടിന്റെ പൈതൃകത്തിനു മാത്രമല്ല, ഇത്തരം തൊഴിലുകൾകൊണ്ട് ഉപജീവനം കഴിക്കുന്ന ജനങ്ങൾക്കും നേട്ടമുണ്ടാകും. ■

# ഒലിക്കുക, ഒഴുകുക

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**



ഒലിക്കുക, ഒഴുകുക എന്നീ വാക്കുകളെ പര്യായപദങ്ങളായി നിഘണ്ടുകാരന്മാർ കണക്കാക്കുന്നു. വസ്തുതാപരമായി രണ്ടിനും വ്യത്യസ്തസ്വഭാവമുണ്ട്. ഊറിയൂറി നിർഗമിക്കുന്നതിനാണ് ഒലിക്കുക (to flow smoothly) എന്നു പറയുന്നത്. മൂക്കൊലിപ്പ്, മണ്ണൊലിപ്പ് എന്നിവ ശരിക്കും ഒഴുകലല്ലല്ലോ. 'ജലദോഷമുള്ളവർ ആവിപിടിച്ചാൽ മൂക്കൊലിപ്പ് ഇല്ലാതാകും.', 'മണ്ണൊലിപ്പു തടയാൻ കയ്യാല കെട്ടണം' എന്നീ വാക്യങ്ങളിൽനിന്ന് ഒലിക്കുക എന്ന ക്രിയാശബ്ദത്തിന്റെ ശരിയായ വിവക്ഷിതം മനസ്സിലാക്കാം. "ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും/ സ്നേഹമൊലിക്കുമുറവകളും"* (ദുരവസ്ഥ) എന്നു കുമാരനാശാൻ കുറിച്ചിട്ടുണ്ടല്ലോ.

ദ്രവപദാർത്ഥം താണസ്ഥലത്തേക്കു തുടർച്ചയായി പ്രവഹിക്കുന്നതിനാണ് ഒഴുകുക (to flow) എന്നു പറയുന്നത്. 'വെള്ളപ്പൊക്കത്തിൽ പശു ഒഴുകിപ്പോയി', 'നദിയിലൂടെ തടി ഒഴുകി വന്നു' എന്നൊക്കെ എഴുതുമ്പോൾ ഒഴുകുക എന്നതിന്റെ ഉദ്ദിഷ്ടം വ്യക്തമാകുന്നു. ഒലിക്കുക, ഒഴുകുക എന്നീ ക്രിയാരൂപങ്ങളുടെ സൂക്ഷ്മഭേദം മനസ്സിലാക്കാതെ പ്രയോഗിച്ചു പരിചയിച്ചതിനാലാകണം നിഘണ്ടുക്കൾ ഇവയെ പര്യായപദങ്ങളായി ഗണിച്ചത്. അതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. പ്രയോഗപാഠങ്ങൾ നിഘണ്ടുക്കൾക്കു വിഷയമാകും. എന്നാൽ, ഒലിക്കലും ഒഴുകലും അർത്ഥപരമായി വ്യത്യസ്തമാണ്. 'മട്ടൊഴുകും വാണിയവൾ ചൊല്ലിനാൾ മനമുഴറി/ യൊട്ടു തോഴിയോടായൊട്ടു സ്വഗതമായും" ** (കരുണ) എന്നു പ്രയോഗിച്ചതിൽ കാവ്യയുക്തിയുണ്ട് എന്ന കാര്യം മറക്കരുത്. ആശയനിവേദനത്തിനായി വാർത്ത തയ്യാറാക്കുന്നവർക്ക് ഇത്തരം സ്വാതന്ത്ര്യങ്ങൾ ഇല്ല തന്നെ. അത് ആശയക്ലിഷ്ടത ഉണ്ടാക്കാനേ ഉപകരിക്കൂ." ഒഴുക്കിൽപ്പെട്ടുപോകുന്ന ഒഴുകിപ്പോകൽ അല്ല, കൊഴുത്ത പരുവത്തിലുള്ളതിന്റെ ഒലിച്ചുപോകൽ. രണ്ടും വ്യത്യസ്തമാണെന്ന് അറിയുക.*** ജഡം ചീഞ്ഞളിഞ്ഞ് ഒലിച്ചുപോകുന്നു; മലവെള്ളത്തിലാണെങ്കിൽ ഒഴുകിപ്പോകുന്നു. സന്ദർഭംകൊണ്ട് വ്യത്യാസം പിടികിട്ടുമല്ലോ!

*കുമാരനാശാൻ എൻ., ആശാന്റെ പദ്യകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1998, പുറം – 472.

**കുമാരനാശാൻ എൻ., ആശാന്റെ പദ്യകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1998, പുറം – 555.

***നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2020, പുറം – 29.

കാർഷികം

# ആരോഗ്യമേകും കരിപ്പെട്ടി

**ജോഷി മുഞ്ഞനാട്ട്**



പണ്ടുകാലംമുതൽ ഉപയോഗിച്ചുവരുന്നതാണ് കരിപ്പെട്ടി. അക്കാലങ്ങളിൽ വീടുകളിലെ ഒരു നിത്യസാന്നിധ്യമായിരുന്നു കരിപ്പെട്ടിക്കാപ്പി. ഒട്ടനവധി ഔഷധഗുണങ്ങളുടെ ഉറവിടമാണിത്.

ചുമയ്ക്കും ജലദോഷത്തിനും പനിക്കും മറ്റുമായി ചുക്കും കുരുമുളകും ചേർത്ത കരിപ്പെട്ടിക്കാപ്പി കൂടുതലായി ഉപയോഗിച്ചിരുന്നു, പണ്ട്.

ക്ഷീണം മാറ്റി ഉന്മേഷം നൽകാൻ കരിപ്പെട്ടി ചേർത്ത കാപ്പിക്കു കഴിയും.

കുഞ്ഞുങ്ങൾക്കു തയ്യാറാക്കുന്ന കുറുക്കിൽ സാധാരണമായി കരിപ്പെട്ടിയാണു ചേർത്തുവരുന്നത്.

ദിവസവും ഒരു കഷണം കരിപ്പെട്ടി കഴിക്കുന്നത് ശ്വാസകോശസംബന്ധമായ അസുഖങ്ങൾക്കു നല്ലതാണ്.

മലബന്ധത്തിനും അമിതവണ്ണം കുറയ്ക്കാനും മൈഗ്രെയ്ൻപോലുള്ള തലവേദനയ്ക്കും ഉത്തമം. എല്ലുകളുടെ ബലത്തിനും പ്രതിരോധത്തിനും വിളർച്ചയ്ക്കും കുട്ടികൾക്കു നല്ലതാണ് കരിപ്പെട്ടി. തൊണ്ടവേദനയ്ക്കും കഫക്കെട്ടിനും ഫലപ്രദം. ത്വക്കിനും വളരെ നല്ലതാണ്.

കരിപ്പെട്ടി, ഭരണിയിൽ നന്നായി അടച്ചുസൂക്ഷിക്കണം. തീരെ പഴകിയത് ഉപയോഗിക്കരുത്. പഞ്ചസാര, ശർക്കര എന്നിവയുമായി താരതമ്യം ചെയ്താൽ നമ്മുടെ ആരോഗ്യത്തിന് ഏറ്റവും നല്ലത് കരിപ്പെട്ടിയാണ്.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 35 Date of Publication 3 Nov 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലോകത്ത് എല്ലായിടത്തും ഡിമാന്റുള്ള ജോലിയാണോ നിങ്ങൾ അന്വേഷിക്കുന്നത്?



**2 Year Courses**

**Affiliated to NCVT.Govt.Of India**

- **Electrician**
- **D/Civil**

**Approved by Quality Council of India(QCI)**

Eligibility:10th passed

Industrial Training Institute

# B.TECH

## പരാജയപ്പെട്ടവർക്ക് സുവർണ്ണാവസരം

**B.Tech** പഠനം മുടങ്ങിയവർക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ വഴി **UGC** അംഗീകൃത യൂണിവേഴ്സിറ്റിയിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കാം.

## St.Antony's Institute of Engineering,Pala

Run by St.Antony's Educational & Charitable Trust

**04822 212115,81568 73517**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org